


ആബിദ്

*മൂന്നാം വർഷം ബി.എസ്.സി കെമിസ്ട്രി*

# ആഗോളവത്കരണത്തിന്റെ പിന്നാമ്പുറം

സാംസ്കാരികമായയൊരു ജൈവിക പരിസരത്ത് ആഗോ ളവത്കരണം സംവാദങ്ങളുടെ കേന്ദ്രബിന്ദുവാകുന്നത് ശ്രദ്ധേയമാണ്. അത്തരമൊരവസ്ഥയിൽ വൈവിദ്ധ്യങ്ങളായ നിഗമനങ്ങൾ സ്വാഭാവികമാണെങ്കിലും, മൗലികപരമായ യാഥാർത്ഥ്യങ്ങളെ അവഗണിച്ചു കൊണ്ടുള്ള ചർച്ചകൾ നിരർത്ഥകമാകാനെയിടയുള്ളൂ.

മനുഷ്യനെ വർഗ്ഗീകരിക്കുവാനുള്ള ശ്രമങ്ങൾ ചരിത്രത്തിലുടനീളം ചൂഷകരുടെ ഭൗതികപരമായ നിലനിൽപ്പുമായി ബന്ധപ്പെട്ടതാണ്. 2000 ഡിസ: 8ന് ആക്രോപോളിസ് ഹാളിൽ ഒത്തുചേർന്ന നൈസ് സമ്മേളനത്തിൽ ആയിരക്കണക്കിനാളുകൾ 'ലോകം ഒരു ചരക്കല്ല്' എന്ന മുദ്രാവാക്യം മുഴക്കിയത് ചൂഷണത്തോടുള്ള വൈകാരികമായ എതിർപ്പെന്നതിലുപരി അസ്ഥിത്വപരമായ സ്വത്വബോധമായിരുന്നു.

മൂന്നാം ലോകത്തിന്റെ നവകോളനികളായി മസ്തിഷ്ക്കത്തെ രൂപാന്തരപ്പെടുത്തുകയും അതിവിദഗ്ദമായ ബൗദ്ധിക അധീശത്വത്തിലൂടെ നിയോ കൊളോണിയലിസത്തിന് ഇന്ത്യയടക്കം വിധേയമാകുകയും ചെയ്യുന്നു. ശാക്തിക കോളനി വൽക്കരണത്തേക്കാൾ ദുരവ്യാപകമായ പ്രതിസന്ധിയുണ്ടാക്കുന്ന ബൗദ്ധിക കോളനിവൽക്കരണത്തിൽ പ്രതീക്ഷപരമായൊരു സൗഹാർദ്ദം നിലനിർത്തുന്നു. ആഗോളവൽക്കരണം ഹേതുവാക്കുന്ന വ്യത്യസ്ഥ മണ്ഡലങ്ങളിലെ പരിവർത്തനങ്ങൾ സൃഷ്ടിക്കുന്ന ഫലങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് വിളിച്ചു വരുത്തുന്നത്.




### ആഗോളവൽക്കരണവും ഇന്ത്യൻ രാഷ്ട്രീയ രംഗവും

രാജ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെന്ന നിലയിൽ ഇന്ത്യൻ രാഷ്ട്രീയ രംഗം സക്രിയമായൊരു ഇടപെടലിന് തുനിഞ്ഞോയെന്നുള്ളത് വിലയിരുത്തപ്പെടേണ്ടതാണ്. ഭാരതത്തിലെ മുഖ്യധാരാ രാഷ്ട്രീയ സംഘടനകൾ ആഗോളവത്കരണത്തിനെതിരെയുള്ള പ്രവർത്തനമണ്ഡലങ്ങൾ തങ്ങളുടെ അധികാര ലബ്ധിയുമായി ബന്ധപ്പെട്ട ഘടകമെന്ന നിലയിൽ ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. 1940-കൾ വരെയുള്ള കാലം ശാക്തികമായി ജനതയെ അടിമകളാക്കിയിരുന്ന കാലം, ഇതിനെ കൊളോണിയസത്തിന്റെ ആദ്യഘട്ടമായി പരിഗണിക്കാം. ഇവിടെ കൊളോണിയലിസം മാധ്യ


മമായി സ്വീകരിച്ചത് കച്ചവടവും, സാമൂഹിക ധ്രുവീകരണത്തിന് ഭിന്നിപ്പിച്ച് അധീശത്വം നേടുകയെന്ന തന്ത്രവുമായിരുന്നു. ക്രമേണ മനുഷ്യനെയും മണ്ണിനെയും തങ്ങളുടെ വിചാര മണ്ഡലങ്ങൾക്കനുസൃതമായി വാർത്തെടുക്കുകയും ഒരു ആഗോള ഗ്രാമ വ്യവസ്ഥ സ്ഥാപിക്കുകയുമുണ്ടായി. ഈയൊരു അധിനിവേശത്തിന്റെയും നിയോകൊളോണിയലിസത്തിന്റെയുംഇടവേള (Interval) യായിട്ടേ ജനാധിപത്യാനന്തര കാലഘട്ട ത്തെ വീക്ഷിക്കേണ്ടതുള്ളൂ.

ഈയൊരു കാലഘട്ടം ഇന്ത്യൻ രാഷ്ടീയം തങ്ങളുടെ അസ്ഥിത്വ സംബന്ധമായ, സമവായത്തിലധിഷ്ഠിതമായ പ്രായോഗിക പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തില്ല, മറിച്ച് ആഭ്യന്തര പ്രശ്നങ്ങളിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കാൻ ശ്രമിക്കുകയായിരുന്നു. സ്വാതന്ത്ര്യ ലബ്ധിയെ തുടർന്ന് അധികാരമേറ്റെടുത്തവരിൽ ഭൂരിപക്ഷത്തിനും ഭരണതലത്തിലെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നതിനെക്കുറിച്ച് വ്യക്തമായ ബോധമുണ്ടായിരുന്നില്ലെന്ന് കെ.ആർ നാരായണൻ Nehru and his Vision എന്ന പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. ഫ്രാൻസ് ഫാനൺ 'ഭൂമിയിലെ വ്യഥിതർ' എന്ന തന്റെ മൗലിക കൃതിയിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. ''സ്വതന്ത്രമാകുന്ന കോളനി ആദ്യം ചെയ്യേണ്ടത് അതിലെ പൗരന്മാർക്ക് അവരുടെ നഷ്ടപ്പെട്ട വ്യക്തിത്വവും അന്തസ്സും തിരിച്ചു കൊടുക്കുക എന്നതാണ്. അന്താരാഷ്ട്ര വേദികളിൽ ഗാംഭീര്യം നേടുന്നത് പിന്നീടാവാം,'' [ഒ.വി വിജയൻ ഉദ്ധരിച്ചത് ഹൈന്ദവനും അതി ഹൈന്ദവനും പേജ് 27] പൗരന്മാർക്ക് നഷ്ടപ്പെട്ട സ്വത്വബോധം ഊർജ്ജിതപ്പെടുത്താൻ വേണ്ടത്ര ശ്രദ്ധ ഇന്ത്യൻ രാഷ്ട്രീയ രംഗം കാണിച്ചില്ലെന്ന നിസ്തർക്കിതമാണ്.



ഗാന്ധിജി കോളനിവൽക്കരണത്തിനെതിരെ നടത്തിയ ധീരമായ ചെറുത്ത് നിൽപ്പും സ്വദേശിവൽക്കരണവും ഈയൊരു സന്ദർഭത്തിൽ പ്രസക്തിയേറുകയാണ്. ഗാന്ധിയൻ ദർശനം അധികാരലബ്ധിയുമായി ബന്ധപ്പെടുത്താനാണ് ഇന്ത്യൻ രാഷ്ട്രീയം കക്ഷിഭേദമന്യേ ശ്രമിച്ചത്. മറിച്ച് ഒരു വിമോചനത്തിന്റെ ദാർശനിക അസ്തിത്വവുമായി ബന്ധപ്പെടുത്താതിരിക്കാൻ അറിഞ്ഞോ അറിയാതെയോ ശ്രമിച്ചു. റൊമോൻ റോളണ്ട് തന്റെ 'മഹാത്മാഗാന്ധി'യെന്ന കൃതിയിൽ ഗാന്ധിജിയുടെ സ്വദേശിവൽക്കരണത്തെ വിഭിന്ന മേഖലകളിലൂടെ നോക്കിക്കാണുന്നുണ്ട്. വിദേശ വസ്ത്രങ്ങളെ ബഹിഷ്ക്കരിച്ചതും അഗ്നിക്കിരയാക്കിയതും വൈകാരികമായൊരു സമീപനമായോ എന്ന് പലരും സന്ദേഹിച്ച സന്ദർഭത്തിൽ, വളരെ വ്യക്തമായി തന്റെ സമീപനം ഗാന്ധി പ്രഖ്യാപിക്കുന്നുണ്ട്.

ഭാരതീയരുടെ അടിമത്വത്തിനും ദാരിദ്ര്യത്തിനും ഒരുപോലെ ഹേതുവായ ഒരു വസ്തുവിനെ ദഹിപ്പിക്കുന്നതിൽ യാതൊരു സംശയത്തിനുമിടയില്ലെന്ന് പറഞ്ഞ് ലക്ഷോപലക്ഷം ഭാരതീയരുടെ ജീവസന്താന മാർഗ്ഗമായിരുന്ന കൈതൊഴിലിനെ കുഴിച്ച് മൂടി പട്ടിണിയാക്കുവാനുള്ള ശ്രമത്തിനെതിരെ താൻ തെരഞ്ഞെടുത്ത മാർഗ്ഗത്തെ ഗാന്ധിജി അഭിമാനപൂർവ്വം ന്യായീകരിച്ചു. ഗാന്ധിയൻ നടപടി മുകളിൽ സൂചിപ്പിച്ചത് ആഗോളവൽക്കരണത്തിനെതിരെയുള്ള ചെറുത്ത് നിൽപ്പിന് ഗാന്ധിയൻ പ്രത്യയ ശാസ്ത്രത്തെ ഉയർത്തി ക്കൊണ്ടുവരാൻ സാധിക്കുമോ എന്ന മേഖലകളിലേക്ക് ധിഷണയെ എത്തിക്കുവാനാണ്. ആഗോളവൽക്കരണത്തിനെതിരെയുള്ള ഒരു രാഷ്ട്രീയമായി ഗാന്ധിയൻ ദർശനത്തെ ഉപയോഗപ്പെടുത്തുന്നതിൽ ആരംഭം മുതലെ ഇന്ത്യൻ രാഷ്ട്രീയം പരാജയപ്പെട്ടുവെന്നത് സൂചിപ്പിക്കുന്നത് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ വൈകാരിക കാഴ്ചപ്പാടാണ്.



### വിപണിയുടെ മേൽക്കോയ്മ

നവകൊളോണിയലിസം സാങ്കേതികതയുടെ നൂതനമായ ആശയങ്ങളെ സ്വാംശീകരിച്ച്കൊണ്ട് കോളനികളുമായുള്ള ബന്ധത്തെ പരിഷ്ക്കരിക്കുകയും പഴയ സാമ്രാജ്യത്വ കടന്നു കയറ്റത്തിനു പകരം വിപണിയുടെ നിയന്ത്രണമേൽക്കുകയും ചെയ്യുന്നു. മൂന്നാം ലോക രാഷ്ട്രങ്ങളിലെ പരിവർത്തനവും വികസിത യൂറോപ്യൻ രാഷ്ട്രങ്ങളിലെ ഉപഭോഗ സമൂഹത്തിന്റെ വളർച്ചയും പരസ്പര ബന്ധിതമാണെന്ന് ഏണസ്റ്റ് മാൻഡലിന്റെ അഭിപ്രായം ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്. കമ്പോളത്തിൽ നിന്ന് ചരക്കുകൾ വാങ്ങുമ്പോൾ അതോടൊപ്പം ചില ആശയങ്ങളെക്കൂടി ഉപഭോക്താവ് സ്വീകരിക്കുകയാണ്. അതായത് തങ്ങൾ വാങ്ങുന്ന സാധനങ്ങളോടൊപ്പം ചില അഭൗതികബിംബങ്ങളെക്കൂടി തങ്ങൾ വാങ്ങുന്നുവെന്ന പ്രതീതി ഉപഭോക്താക്കളിൽ സൃഷ്ടിക്കുന്നു. ഇത്തരമൊരു ഉപഭോഗ വ്യവസ്ഥയെയാണ് ഏണസ്റ്റ് സ്റ്റേൺ ബർഗ് 'വിഗ്രഹങ്ങളുടെ സമ്പദ് വ്യവസ്ഥ' എന്ന് വിളിക്കുന്നത്. ഇവിടെ ഉപഭോക്താവിന്റെ വിവേചനാധികാരവും സാമൂഹികവും സാങ്കേതികവുമായ കഴിവുകളും നിഷ്ക്രിയമാക്കപ്പെടുന്നു. കമ്പോളത്തിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. അങ്ങനെ അവയ്ക്കനുസൃതമായി നമ്മുടെ ആവശ്യങ്ങളും അഭിലാഷങ്ങളും രൂപപ്പെടുന്നു. ജനങ്ങൾ ആഗോള ഗ്രാമത്തിലെ ഉപഭോക്താവ് മാത്രമായി പരിണമിക്കുമ്പോൾ രാഷ്ട്രം ആശയപരമായി വിപുലീകരിക്കപ്പെടുന്നില്ല. ഇത്തരമൊരവസ്ഥയിൽ രാഷ്ട്രീയ ജനാധിപത്യത്തിന്റെ വ്യവസ്ഥാപിതമായ ആവശ്യകത നശിക്കുന്നു.

വിപണികൾ മേൽക്കോയ്മ നേടുന്ന വ്യവസ്ഥിതിക്ക് രാഷ്ട്രീയ മുള്ളതായി സമീർ അമീൻ ചൂണ്ടിക്കാണിക്കുന്നു. ആഗോള വിപണിക്ക് പ്രാതിനിധ്യം നൽകി ഭരണകൂട


ങ്ങളുടെ ക്രിയാത്മകതയെ പരിമിതപ്പെടുത്തുന്ന ഈ തന്ത്രത്തിന്റെ ലക്ഷ്യം ആഗോള ഗ്രാമത്തിനെതിരെയുള്ള എതിർപ്പുകളുടെ ശൈഥില്യമാണ്. അതിലുപരിയായി ഭരണകൂടങ്ങൾ നേതൃത്വം നൽകുന്ന സുദൃഢമായ സാമൂഹികരൂപങ്ങളെ തകർക്കുകയെന്നതുമാണ്. പ്രകൃതിയടെ കോളനിവൽക്കരണം ആഗോളവൽക്കരണ പരിസരത്ത് സവിശേഷതയർഹിക്കുന്നുവെന്ന ജെയിംസണിന്റെ പ്രസ്താവന വളരെ പ്രസക്തമാണ്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ലോക വ്യാപാര സംഘടനയുമായുള്ള ഉടമ്പടി പ്രകാരം പലയിനം കാർഷികവിളകളുടെയും, വിത്തുകളുടെയും പേറ്റന്റ് ബഹുരാഷ്ട്ര കുത്തകകൾ കരസ്ഥമാക്കിയിട്ടുണ്ട്. അന്തകജനിതകമടങ്ങിയ വിത്തുകളുടെ നിയന്ത്രണത്തിലൂടെ പ്രകൃതിയെ കോളനിവൽക്കരിച്ച് പ്രകൃതിസമ്പത്ത് കച്ചവടച്ചരക്കാക്കി കമ്പോളങ്ങളിൽ വിറ്റഴിക്കാനുള്ള ശ്രമം പിൽക്കാല മുതലാളിത്വ പ്രവണതയെ സ്പഷ്ടമാക്കുന്ന പ്രക്രിയയാണ്.



## മീഡിയയുടെ സ്വാധീനം

ആഗോളവൽക്കരണത്തിന്റെ ഏറ്റവും മൂല്യവത്തായ പ്രചാരണ മാധ്യമമെന്ന നിലയിൽ മീഡിയ ദുരുപയോഗം ചെയ്യപ്പെടുന്നു. തങ്ങളുടെ അസ്തിത്വ പ്രതിസന്ധികളെ അങ്ങേയറ്റം ലളിതവൽക്കരിക്കുകയോ മറച്ചുപിടിക്കുകയോ ചെയ്തുകൊണ്ട് വ്യവസ്ഥിതിക്ക് ചരിത്രപരമായി പുതിയൊരു മാനം നൽകുന്നു. മീഡിയകൾക്ക് പ്രത്യേകമായൊരു കൂറോ ഭൂതകാലത്തെക്കുറിച്ചുള്ള സ്മരണയോ, ആരുമായും സൗഹൃദമോ ഇല്ല. മനുഷ്യരോട് പ്രതിബദ്ധതയില്ലാത്തതിനാൽ അവ അവ്യക്തതകൾ സൃഷ്ടിക്കുന്നു. അവർക്കറിയുന്നത് തങ്ങൾക്ക് പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയദർശനത്തിന്റെ വ്യാപനം, സാംസ്കാരിക ഔന്നിത്യത്തിൻമേലുള്ള അവകാശ സ്ഥാപനം എന്നിവയാണ്. ഇതിന്റെ മുമ്പിൽ അവർക്ക് മൂല്യതയോ ജനകീയ വികാരങ്ങളോ യാതൊരു പ്രശ്നവുമല്ല. മീഡിയ വർണ്ണബോധവും വർഗബോധവും കൂടുതൽ വ്യവസ്ഥാപിതമാകുന്നു. ആഗോളവൽക്കരണത്തിന്റെ രാഷ്ടീയം ഏറ്റവും പ്രകടമായി നമ്മുടെ കാലത്തെയും സംസ്ക്കാരത്തെയും സ്വാധീനിക്കുന്നതിന്റെ സൂചനകളാണ് ടി.വി.യടക്കമുള്ള മാധ്യമങ്ങളുടെ വ്യാപനം.

ബിംബങ്ങളെയും ചിഹ്നങ്ങളെയും പുനരുൽപ്പാദനത്തിന് വിധേയമാക്കുന്ന അനുകരണയന്ത്രങ്ങൾ (Simulation Machines) എന്ന നിലയിലാണ് മാധ്യമങ്ങളെ വിലയിരുത്തേണ്ടതെന്ന് ബോദ്രിയാർ അഭിപ്രായപ്പെടുന്നു. മാധ്യമങ്ങളുടെ കമ്പോളവൽക്കരണത്തിലൂടെ വൻകിട വ്യവസായസ്ഥാപനങ്ങൾ സാംസ്ക്കാരിക പരിസരത്തിന്റെ അധീശത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നു. പൊതുസേവനമെന്നുള്ള വിശാലമായ കാഴ്ചപ്പാടിൽ നിന്ന് വ്യതിചലിച്ച് സാംസ്ക്കാരിക അധീശത്വം സ്ഥാപിക്കുന്നു. ചരിത്രവും സംസ്ക്കാരവും ബിംബങ്ങളായി വാണിജ്യവൽക്കരിക്കപ്പെട്ട് ക്രമേണ സ്വത്വബോധത്തിന്റെ അന്യവൽക്കരണം സൃഷ്ടിക്കപ്പെടുകയും പുതിയൊരു ആഗോളപരമായൊരു സംസ്കാരം ഉരുതിരിഞ്ഞുവരികയും ചെയ്യുന്നു. ഈയൊരു പുതിയ ജീവിതരീതി സാമൂഹിക നവോത്ഥാനത്തെ അങ്ങേയറ്റം നിഷേധിക്കുന്നു. ഇതിലൂടെ ജനതകൾ സ്വത്വപരമായൊരു ഊഷരതയിലെത്തുന്നു. ഉപഭോഗചിന്ത വ്യാപകമാക്കുകയും സാമൂഹികതയെന്ന വിശാലവും പരിപാവനവുമായ താൽപര്യത്തിൽ നിന്ന് വ്യതിചലിച്ച് വ്യക്തിനിഷ്ഠമായ സ്വാർത്ഥതയിലെത്തിച്ചേരുന്നു. ഉപഭോഗചിന്തയിൽ മുങ്ങിക്കുളിച്ചൊരു ജനതയുടെ സാഫല്യതയിലൂടെ ചരിത്രം തന്നെയവസാനിക്കുന്നു. ഫ്രാൻസിസ് ഫുക്കായാമ തന്റെ ചരിത്രത്തിന്റെ അന്ത്യം (The end of History, 1988) എന്ന പുസ്തകത്തിൽ കമ്പോളധിഷ്ഠിതമായ




ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിൽ ഉപഭോഗസംസ്ക്കാരം മാത്രമെ അവശേഷിക്കുകയുള്ളുവെന്ന അടിസ്ഥാനത്തിൽ ചരിത്രമവസാനിച്ചുവെന്ന് പ്രഖ്യാപിക്കുന്നുണ്ട്.



### ആഗോളവൽക്കരണവും സ്ത്രീത്വവും

സ്ത്രീത്വത്തിനെതിരെ ആഗോളവൽക്കരണമുയർത്തുന്ന കൂരമ്പുകൾക്കു നേരെ ഫെമിനിസ്റ്റുകളടക്കം മൗനം പാലിക്കുന്നു. ഇതിന്റെ ചരിത്രപരമായ വസ്തുതകളിലേക്ക് കടന്നു ചെല്ലുമ്പോൾ ആഗോളവൽക്കരണത്തിന്റെ മൗലിക സ്രോതസ്സുകളിൽ നിന്നുതന്നെയാണ് ഫെമിനിസവും ഉടലെടുക്കുന്നതെന്ന് മനസ്സിലാകും. സ്ത്രീ വിമോചനമെന്ന ആശയം തന്നെ പാശ്ചാത്യൻ മീഡിയകൾ ഇന്ത്യൻ സാഹചര്യത്തിൽ അടിച്ചേൽപ്പിച്ചതാണ്. ആഗോളവൽകൃതമായൊരു പരിസരത്ത് സ്ത്രീയെ എങ്ങനെ അവതരിപ്പിക്കപ്പെടുന്നുവെന്നുള്ളത് പരിഗണനീയമാണ്. സാങ്കേതികവിപ്ലവത്തിന്റെ ഫലമായി പുതിയൊരു കുടുംബവ്യവസ്ഥ പടുത്തുയർത്തുകയാണ് ലക്ഷ്യമെന്ന് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും, ആ ലക്ഷ്യപ്രാപ്തിക്ക് മുമ്പുതന്നെ സ്ത്രീയെ കേവലമൊരു സങ്കീർണ്ണതയിലധിഷ്ഠിതമായ ഉപഭോഗ വസ്തുവായി തീർത്തിരിക്കുകയാണ്. വിലപ്പെട്ട ആഭരണങ്ങളും കോസ്മെറ്റിക്സും അണിയാനുള്ള വെറും ഉപഭോഗവസ്തു എന്നതിലുപരി മറ്റൊരു മേഖലയുമായും സ്ത്രീത്വത്തെ ബന്ധപ്പെടുത്താൻ സാധിക്കുകയില്ല. പുരുഷാധിപത്യമെന്ന തലതിരിഞ്ഞ നയത്തിലുപരി ആഗോളവൽക്കരണത്തിനെതിരെ ക്രിയാത്മകമായി പ്രതികരിക്കാൻ തയ്യാറാവുമോയെന്നുള്ളതാണ് ഫെമിനിസം നേരിടുന്ന ചരിത്രപരമായൊരു വെല്ലുവിളി. ബർബറാമിന്നിച്ചിന്റെ വാക്കുകളിൽ വൈകാരികമായൊരു ആവേശം ദർശിക്കാവുന്നതാണ്. 'ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്ന വിശ്വാസത്തെ തകർത്തെറിഞ്ഞ കോപ്പർ നിക്കസിന്റെ പ്രവർത്തനത്തോട് താരതമ്യം ചെയ്യാവുന്ന കാര്യമാണ് വർഗ്ഗകേന്ദ്രീകരണമെന്ന ആശയം തകർത്ത ഡാർവിന്റെ പ്രവർത്തനങ്ങളോട് താരാത്മ്യം ചെയ്യാവുന്ന പ്രവർത്തനം. ഇത് പോലെ ഞങ്ങൾ പുരുഷ കേന്ദ്രീകൃതത്വത്തെ തകർക്കും ഈ മാറ്റം മൗലികമായിരിക്കും: ജഗ്ഗാറിയൻ വീക്ഷണത്തിൽ നിലവിലുള്ള കുടുംബ വ്യവസ്ഥ പരിപൂർണ്ണമായി നിർമാർജ്ജനം ചെയ്യേണ്ടതും സാങ്കേതിക വിപ്ലവത്തിന്റെ ഫലമായി പുതിയൊരു സാമൂഹിക വ്യവസ്ഥിതി കുടുംബത്തിൽ ഉത്ഭൂതമാകേണ്ടതുമാണെന്നും ആശിക്കുന്നു.

ബർബറാമിന്നിച്ച് പോലും തന്റെ നവസാമൂഹിക പശ്ചാത്തലത്തെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും അതിന്റെ മൗലികപരമായ അപകടത്തെ അവഗണിക്കുന്നില്ലയെന്നുള്ളത് ശ്രദ്ധേയമാണ്. ഈ രണ്ട് വീക്ഷണങ്ങളവതിരിപ്പിച്ചത് ഫെമിനിസ്റ്റുകൾ പോലും ആഗോളവത്കരണം സൃഷ്ടിക്കുന്ന സ്ത്രീത്വത്തിനുനേരെയുള്ള വെല്ലുവിളികളെ നന്നേ അവഗണിച്ചുകൊണ്ട് പുതിയൊരു സാമൂഹിക ക്രമം സ്വപ്നം കാണുകയാണ് എന്ന് സൂചിപ്പിക്കുകയാണ്. ആഗോളവത്കരണത്തിനെതിരെ കേന്ദ്രീകൃതമായി ക്രിയാത്മക പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ ഫെമിനിസ്റ്റുകൾ തയ്യാറാവേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈയൊരു പ്രവർത്തനത്തിൽ പാശ്ചാത്യൻ ഫെമിനിസ്റ്റുകളിൽ നിന്ന് യാതൊരു വിധത്തിലുള്ള പിന്തുണയും ലഭിക്കില്ലെന്നതും പരിഗണിക്കേണ്ടതാണ്.



### ഫാഷിസത്തിന്റെ വ്യാപനം


ചരിത്രത്തിലുടനീളം സാമ്രാജ്യത്വം, ഫാഷിസത്തിന് അനുകൂലമായ നടപടികളുമായിട്ടാണ് മുന്നോട്ട് ഗമിച്ചത്. ഇവിടെയാണ് ഫാഷിസവും സാമ്രാജ്യത്വവും ലക്ഷ്യങ്ങളിൽ കേന്ദ്രീകൃതമാകുന്നത്. ഒന്നിന്റേത് ദേശീയ പരമായ അതിരുകൾക്കുള്ളിലെ അധികാരമാണെങ്കിൽ മറ്റേത് ലക്ഷ്യമിടുന്നത് സർവ്വവ്യാപിയായ അധികാരമാണ്. കൊളോണിയലിസത്തിന്റെ ആദ്യഘട്ടത്തിൽ സാമ്രാജ്യത്വം ചെയ്തുവെച്ച വർഗീയ സമീപനങ്ങളിൽ നിന്ന് ജനാധിപത്യാനാന്തര കാലഘട്ടത്തിൽ പോലും ഇന്ത്യ സ്വാതന്ത്രമായില്ല എന്നതിലുപരി ഇപ്പോഴുമത് തുടർന്നുകൊണ്ടിരിക്കുന്നുവെന്നത് സാമ്രാജ്യത്വത്തിന്റെ കഴുക കണ്ണുകളെയാണ് ഓർമ്മിപ്പിക്കുന്നത്. സ്വദേശി പ്രസ്ഥാനങ്ങളെ മുതലാളിത്വം വിഴുങ്ങിയതിന്റെ പിന്നിലുള്ള ബന്ധവും ഈ പരിപ്രേക്ഷ്യത്തിലാണ് ചർച്ച ചെയ്യപ്പെടേണ്ടത്. ഉദാരവത്ക്കരണത്തിലൂടെ ആഗോളതലത്തിൽ സാമ്പത്തിക സാംസ്കാരിക പ്രവർത്തനങ്ങളെ തങ്ങളുടെ താൽപര്യത്തിലധിഷ്ഠിതമായി കേന്ദ്രീകരിക്കുക വഴി ജനങ്ങളുടെ ജീവിതം ദുസ്സഹമാകുന്നു. ഈ സന്ദർഭങ്ങളിൽ നിലവിലുള്ള ജനവിഭാഗങ്ങളിൽ നിന്ന് ഭരണ വിഭാഗങ്ങളുടെ ചെയ്തികളോടും സമീപനങ്ങളോടും അസഹിഷ്ണുത പ്രകടിപ്പിക്കുക സ്വാഭാവികമാണല്ലോ. അത്തരം അസഹിഷ്ണുതകളും, പ്രതിഷേധങ്ങളും തങ്ങളുടെ അസ്ഥിത്വ പ്രതിസന്ധിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ സാമ്രാജ്യത്വം, ഇത്തരം പ്രവണതകളിൽ നിന്ന് ജനശ്രദ്ധയകറ്റാനാണ് വർഗ്ഗീയ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നത്. ആയുധ പന്തയം വർദ്ധിക്കും വിധമുള്ള പ്രവർത്തനങ്ങൾ നടത്താൻ

ഇന്ത്യയടക്കമുള്ള രാഷ്ട്രങ്ങൾ തയ്യാറാവുന്നതിനു പിന്നിലുള്ള പ്രേരണ ശക്തി സാമ്രാജ്യത്വത്തിന്റെ തുണയാണ്.

### വിശ്വാസ ദർശനം

മനുഷ്യനെ അന്യൂനമായൊരു ജൈവിക തലത്തിലേക്കെത്തിക്കുന്നതിൽ സവിശേഷമായൊരു സ്ഥാനം മതങ്ങളിലൂടെ നിർവ്വഹിക്കപ്പെട്ടുപോന്നിട്ടുണ്ട്. സുപ്രധാനമായ സാംസ്കാരിക സമുദായ സംവർഗ്ഗങ്ങളെന്ന (Cultural Communities) നിലയിൽ മതങ്ങളുടെ ആത്മീയോത്കർഷത്തിന് വൈവിധ്യമുണ്ടായിട്ടുണ്ടെങ്കിലും, ഒരു പൊതുമാനദണ്ഡത്തിൽ ഇവയെ ഏകീകരിക്കാം. മനുഷ്യ പ്രകൃതി തന്നെ അത്തരമൊരു സംവിധാനത്തിലാണ് ക്രമപ്പെടുത്തിയത്. Sharon Begley യുടെ നിരീക്ഷണം ശ്രദ്ധേയമാണ്. Now researchers are looking at more common varieties of religious experience. Newberg and the late Dr Eugered Aquili both of the university of pennsylvania have a name for this field - Neurotheology in a book to be published in April. They concluded that spiritual experience are inevitable out come of brain wiring. The human brain has been genetically wired to encourage religious beliefs (The week 4-3-2001)

മുകളിൽ സൂചിപ്പിച്ച ആത്മീയാനുഭൂതി (Spiritual experience) പുതിയ



രൂപാന്തരങ്ങളിൽ ആഗോളവത്കൃതമായ പരിസരത്തുനിന്നുയർന്നുവരുന്നു. ഈ മെറ്റാമോർഫിസം ചൂഷണത്തിനും മൂല്യശോഷണത്തിനും ഹേതുവാകുന്നു. ആഗോളവത്കരണത്തിന്റെ ഫലമായി ഉത്പന്നങ്ങൾ ക്രമാതീതമാകുന്നൊരവസ്ഥയിൽ ഒരു തരം അരക്ഷിതാബോധം അനുഭവിക്കാനിടവരുന്നു. ഇത്തരത്തിലുള്ള ചോദനങ്ങളെ തടഞ്ഞുനിർത്തുന്നതിൽ നിലവിലുള്ള വിശ്വാസദർശനങ്ങൾ വൈയ്യക്തികമായി പരാജയമാകുമ്പോൾ കൃത്രിമമായ സാന്ത്വനങ്ങളെത്തുന്നു. ഇത് ഒരു തരം കൃത്രിമമായ ആത്മീയതയായി (Spurious spirituality) പരിണമിക്കുന്നു. ഇത്തരമൊരവസ്ഥയിൽ ചൂഷണങ്ങൾ സ്വാഭാവികമായിരിക്കും. ഇത്രയും സൂചിപ്പിച്ചത് ആത്മീയതയുടെ മെറ്റമോർഫിസത്തെക്കുറിച്ചുള്ള പഠനത്തിന്റെ പ്രസക്തിയിലുപരി, ആഗോളവത്കരണത്തെ തിരസ്കരിച്ചുള്ള മതപ്രവർത്തനങ്ങൾ അപ്രസക്തമെന്ന് ധരിപ്പിക്കാനാണ്.

### പരിണതി സാമ്രാജ്യത്വത്തിന്റെ പതനമോ?


പുരോഗമന രാഷ്ട്രീയമെന്ന സംജ്ഞയിൽ കടന്നാക്രമിച്ചുകൊണ്ട് ആഗോളവത്കരണത്തിന്റെ ദൂഷ്യങ്ങളെ ബോധപൂർവ്വം അന്യവൽകരിക്കാനുള്ള ശ്രമം തിരിച്ചറിയപ്പെടേണ്ടതുണ്ട്. ചരിത്രത്തിന്റെ ഗതിവികതികളെ സംഗ്രഹിച്ച് ഒരു വേള മാർക്സിയൻ വൈരുദ്ധ്യാത്മക ചരിത്ര വിശകലനത്തിലൂടെ സാമ്രാജ്യത്വത്തിന്റെ പതനം നിരീക്ഷിക്കുന്നതിനോട് ഒരു ചരിത്രകാരന്റെ ഏകകം മാത്രമുപയോഗിക്കുന്ന രീതി വൈവിധ്യ പരിസരങ്ങളുടെ സമന്വയത്തിന്റെ നേരിട്ടുപയോഗിക്കാവുന്ന അന്യൂനമായൊരു രീതിയാണെന്ന് വാദിക്കാൻ ന്യായമില്ല.

ഇലക്ട്രോണിക് മീഡിയകളിലൂടെ ക്രയവിക്രയം സാധ്യമായി കൊണ്ടിരിക്കുന്ന വിശ്വഗ്രാമത്തിന്റെ (Global Village) സാമ്പത്തിക നയത്തിനു മുകളിൽ സാമ്രാജ്യത്വത്തിനൊഴികെ മറ്റാർക്കെങ്കിലും സ്വാതന്ത്ര്യമുണ്ടോയെന്നുള്ളത് നിരീക്ഷിക്കുന്നതിൽ കാണിക്കുന്ന ഉദാസീനത സാമ്രാജ്യത്വത്തിന്റെ പതനം സ്വപ്നം കാണുന്നവരുടെ ബുദ്ധിപരമായ സത്യസന്ധതയിൽ സംശയമുളവാക്കുന്നു. ലോകത്തിന്റെ സർവ്വമേഖലകളിലും ബൗദ്ധികാവേശം സമാനതകളിലായിട്ടും, ഐടി രംഗത്തേക്കുള്ള കവാടങ്ങൾ ഇന്ത്യൻ പ്രതിമകൾക്കായി നീക്കിവെച്ചത് ഇന്ത്യൻ സാഹചര്യത്തോടുള്ള അനുകമ്പയാണെന്ന് ധരിക്കുന്നത് മറ്റൊരു മസ്തിഷ്ക കോളനിവത്കരണമാണെന്ന് സൂചിപ്പിക്കാനേ തരമുള്ളൂ. മുതലാളിത്വം ഐ.ഐ.ടി.കളെ പോലും ബൗദ്ധികമായി ചൂഷണം ചെയ്ത് തങ്ങളുടെ മുടക്കുമുതലിന്റെ നന്നേ ചുരുങ്ങിയൊരംശത്തിൽ ഗവേഷണം ത്വരിതമായി നടക്കുമ്പോൾ അതിനെ സാമ്രാജ്യത്വത്തിന്റെ പരിസമാപ്തിയായി സ്വപ്നം കാണുന്നവർ സഹതാപമേ അർഹിക്കുന്നുള്ളൂ.

### പ്രതീക്ഷകൾ

ആഗോളവത്കരണത്തിന്റെ പ്രതിസന്ധികളെപ്പോലെ, പ്രതീക്ഷകളെയും അവഗണിച്ചുകൂടാ. ശാസ്ത്ര വികാസത്തിനു നേരയോ, ഒരു ഗ്ളോബൽ വില്ലേജിന്റെ സാധ്യതകളെ ചൂഷണം ചെയ്യുന്നതിലോ മടിച്ചു നിൽക്കുകയാണെങ്കിൽ അത് ആ ജനതയുടെ ചരിത്രത്തോട് അല്ലെങ്കിൽ അസ്ഥിത്വത്തോടുള്ള നിഷേധാത്മക നിലപാടായിരിക്കാനേ സാധ്യതയുള്ളൂ. ഐ.ടി. രംഗങ്ങളിലെല്ലാം നടക്കുന്ന വിപ്ലവങ്ങൾ നമ്മുടെ പ്രതീക്ഷകൾക്കതീതമായ പരിവർത്തനമാണ് സൃഷ്ടിക്കുക. അതിനാൽ ഈ ചരിത്രയാഥാർത്ഥ്യത്തോട് പുറം തിരിഞ്ഞു നിൽക്കുന്നത് യുക്തിപരമല്ല. ആഗോളവത്കരണത്തിന്റെ പ്രതിസന്ധികളെ എതിർത്തു തോൽപിക്കുകയും, അതിന്റെ സാധ്യതകളെ ചൂഷണം ചെയ്യുകയുമാണ് കൂടുതൽ കരണീയമായിട്ടുള്ളത്. ഫോക്‌ലോറിനെ ഉയർത്തെഴുന്നേൽപ്പിക്കാനുള്ള ശ്രമത്തെ ഇതിന്റെ ഭാഗമായിട്ടാണ് കാണേണ്ടത്. ലോകത്തിന്റെ ശ്രദ്ധ സാർവ്വലൗകിക സത്യങ്ങളിൽ കേന്ദ്രീകരിച്ചപ്പോൾ, വൈവിധ്യങ്ങളിലെ കൂട്ടായ്മയും പാരമ്പര്യബോധവും രേഖപ്പെടുത്തുകയാണ് ഫോക്‌ലോർ ചെയ്യുന്നത്, ദൗർഭാഗ്യകരമായൊരവസ്ഥ ആഗോളവത്കരണത്തിന്റെ ദൂഷ്യതയെ എതിർക്കാനെന്ന വണ്ണം ഉയർത്തെഴുന്നേൽക്കുന്ന ഫോക്‌ലോറുകൾ പോലും വർഗ്ഗീയവത്കരിക്കപ്പെടുന്നുവെന്നതാണ്.

ആഗോളവത്കരണത്തിന്റെ പ്രതീക്ഷകളെയും പ്രതിസന്ധികളെയും വർഗ്ഗീകരിച്ച്, വൈകാരികമായൊരു സമീപനത്തിൽ നിന്ന് വ്യതിചലിച്ച്, യുക്തിഭദ്രമായൊരു ബൗദ്ധികസമീപനത്തിലൂടെ മാത്രം ആഗോളവത്കരണത്തെ പരമാവധി ചൂഷണം ചെയ്യാൻ മൂന്നാം ലോകരാജ്യങ്ങൾ തയ്യാറെടുക്കേണ്ടിയിരിക്കുന്നു. മസ്തിഷ്കത്തെ മസ്തിഷ്കം കൊണ്ട് തന്നെ നേരിടുന്ന സമീപനമാണ് കരണീയമായിട്ടുള്ളത്.




# ബന്ധങ്ങളിലെ കൊളോണിയൽ ഇടപെടലുകൾ

ജാഫർ സാദിഖ്


*രണ്ടാം വർഷം ബി.എ. അറബിക്*

ഒടുവിൽ 21–ാം നൂറ്റാണ്ടും പുതിയ സഹസ്രാബ്ദവും സമാഗതമായി. ഒരു വ്യാഴവട്ടക്കാലത്തോളം ഈ യുഗത്തിന്റെ തുടക്കവും ഒടുക്കവും ചർച്ചക്ക് വിധേയമായിരുന്നു. കൊഴി ഞ്ഞ നൂറ്റാണ്ടിന്റേയും, യുഗത്തിന്റയും ശേഷിപ്പുകൾക്ക് അക്ഷരത്തിന്റയും, ശബ്ദത്തിന്റേയും അർഥങ്ങൾ നൽകാൻ നാം പാടുപെട്ടു. എന്നാൽ ശേഷിപ്പുകളിൽ പലതും തുറിച്ചു നോക്കുന്ന യാഥാർത്ഥ്യങ്ങളാണെന്ന ഉത്തമബോധം നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നു. തിരിച്ചറിവുകൾ പുതുയുഗത്തിൽ നമ്മുടെ ചിന്തകളുടേയും, പ്രവർത്തനങ്ങളുടേയും രൂപ നിർമ്മിതിയിൽ അനിർവചനീയ സ്വാധീനം ചെലുത്തേണ്ട വസ്തുതകളാണ്. ഈ സ്വാധീനം നവോന്മുഖമായ രീതിയിലേക്ക് നമ്മുടെ ചിന്താ മണ്ഡലത്തേയും കർമ്മ സരണിയേയും തിരിച്ച് വിടേണ്ടത് കൂടിയുണ്ട്.

നമ്മെ ഉൾക്കൊള്ളുന്ന സമൂഹം ക്ഷേമത്തിന്റയും, ഐശ്വര്യത്തിന്റയും ചവിട്ടുപടികൾ കയറുന്നു എന്നാണ് നമ്മുടെ വിശ്വാസം. ടെക്നോളജിയും, ഡെമോക്രസിയും നമ്മുടെ ജീവിതത്തിന് ബൗദ്ധിക-രാഷ്ട്രീയ അസ്തിത്വം നൽകുന്നു. നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടാൻ പര്യാപ്തമായ സ്ഥിതിവിശേഷം രൂപം കൊണ്ടിട്ടുണ്ടെന്നാണ് നമ്മുടെ വിചാരപ്പെടൽ. ടെക്നോളജിയും, സയൻസും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്നതിലൂടെ വൈജ്ഞാനിക - വ്യാവസായിക മേഖലകളിൽ അദ്ഭുതമായ വിപ്ലവങ്ങളുണ്ടാവുമെന്നും അത് മനുഷ്യന് സ്വന്തമായ വ്യക്തിത്വവും അസ്ഥിത്വവും നൽകുമെന്നും ഇങ്ങിനെ ഓരോ വ്യക്തിയുടേയും വികാസത്തിലൂടെ സമൂഹത്തിന് മുന്നേറ്റം നടത്താൻ കഴിയുമെന്നും ചിന്തിക്കാനാണ് നമുക്കിഷ്ടം. പക്ഷെ സൗകര്യങ്ങളും, ആവശ്യങ്ങളും വർദ്ധിക്കുമ്പോഴും സമൂഹത്തിന്റെ ചിന്താരീതി മാറുകയാണ്. കുടുംബബന്ധങ്ങളും, വ്യക്തിബന്ധങ്ങളുംവരെ പൊളിച്ചെഴുത്തിന് വിധേയമാവുകയാണിപ്പോൾ.

### ബന്ധങ്ങൾ

മനുഷ്യ ജൻമത്തോടെ തന്നെ ബന്ധങ്ങളും തുടങ്ങുകയാണ്. ഓരോ ദശയിലും പുതിയ ബന്ധങ്ങൾ ജനിക്കുന്നു. മൃത്യുവരെ ഈ പ്രക്രിയ തുടരുകയാണ്. മൃത്യു പോലും ബന്ധങ്ങൾക്ക് അതിർവരമ്പാവുന്നില്ല. ഉത്തരവാദിത്വങ്ങളും അവകാശങ്ങളും ബന്ധങ്ങളുടെ അനാുബന്ധങ്ങളാണ്. ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കപ്പെടുമ്പോഴും അവകാശങ്ങൾ അവകാശികളിൽതന്നെ എത്തുമ്പോഴുമാണ് ബന്ധങ്ങൾ സുശക്തമാവുന്നത്. ഇതിൽ നിന്നുമുള്ള വ്യതിയാനം ബന്ധങ്ങളെ ദുർബലമാക്കുന്നു. ആദിയിൽ ആദം സന്തതികളായ ഖാബീലും, ഹാബീലും തമ്മിലുള്ള സഹോദരബന്ധം തകർന്നത് അവകാശവും, അവകാശിയും തമ്മിലുണ്ടായ അന്തരത്തിന്റെ അനന്തരഫലമായിട്ടായിരുന്നു.



സമൂഹത്തിന്റെ ആധാരം ബന്ധങ്ങളാണ്. ബന്ധങ്ങളെ വ്യത്യസ്ത മാനദണ്ഡങ്ങൾവെച്ച് പലതായി വേർതിരിക്കാം. സമൂഹങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ, വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ, എന്നിങ്ങനെയാവാം വേർതിരിക്കൽ. ബന്ധങ്ങൾ പരസ്പരം പൂരകങ്ങളാണ്. വ്യക്തിബന്ധങ്ങളിൽ ഓരോവ്യക്തിക്കും തുല്ല്യമായ പങ്കാണുള്ളത്. അവയുടെ പൂർത്തീകരണത്തിലാണ് ബന്ധങ്ങളുടെ നിലനിൽപ്.


## കൊളോണിയൽ ഇടപെടലുകൾ

ബന്ധങ്ങളുടെ തകർച്ചക്കും, ബന്ധത്തിന്റെ നിർവ്വചനത്തിന് തന്നെയും മാറ്റം വരുത്തിയ ബാഹ്യ ശക്തികളിൽ പ്രധാനപ്പെട്ട ഒന്നാണ് കൊളോണിയൻ ശക്തികൾ. തങ്ങളുടെ സ്ഥാപിത താത്പര്യ സംരക്ഷണമാണ് അവരുടെ ഉന്നം. ഇതിനായി ഏതറ്റംവരെ പോവാനും അവർ തയ്യാറാണ്. ഇതിന് വിഘാതമായി നിൽക്കുന്ന ധർമ്മവും സത്യവും ഒക്കെ മറികടക്കാൻ അവർ ആവനാഴിയിലെ അവസാന അസ്ത്രം വരെ പുറത്തെടുക്കാനും തയ്യാറാണ്. ഇവരുടെ താത്പര്യ സംരക്ഷണത്തിന് വിഘാതമാവുന്നത് കോളനി രാജ്യങ്ങളിലെ സംസ്കാരങ്ങളാണ്. ഈ സംസ്കാരങ്ങളിൽ നിന്ന് ലഭിക്കുന്ന ധർമ്മബോധമാണ് കോളനികളിലെ ജനങ്ങളെ ഭരിക്കുന്നുണ്ടാവുക. അതുകൊണ്ട് അവരുടെ സംസ്കാരത്തെ നിന്ദിക്കാനും തങ്ങളുടെ സംസ്കാ രത്തെ ഉന്നതമായി ചിത്രീകരിക്കാനും ആണ് കോളനി സംസ്കാരത്തിന്റെ ശക്തികൾ ശ്രമിക്കുക. ഇവരുടെ ശ്രമങ്ങൾ ചെന്നെത്തിക്കുക ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിലെ ജനങ്ങൾ വെച്ച് പുലർത്തുന്ന സനാതന സങ്കൽപങ്ങളുടെ അടിവേരിളക്കുന്ന അവസ്ഥയിലേക്കായിരിക്കും. ഇതിന്റെഫലമായി മനുഷ്യബന്ധങ്ങളും തകർച്ചയുടെ തീരങ്ങളിലേക്കാനയിക്കപ്പെടുന്നു. നിയോകൊളോനിയലിസത്തിലും ഇത് തന്നെയാണ് സംഭവിക്കുന്നത്.




മാറ്റത്തിന്റെ കുത്തൊഴുക്കിൽ വ്യക്തിബന്ധങ്ങൾ ഒന്നുമല്ലാതാവുകയാണ്. കൊളോണിയൽ വ്യവസ്ഥിതിയിൽ പ്രധാനം മൂലധനം(പണം) ആണ്. അതുതന്നെയാണ് ഇന്ന് വ്യക്തിബന്ധങ്ങളേയും ഭരിക്കുന്നത്. നിഷേധിക്കാൻ പറ്റാത്ത വസ്തുതയാണിത്. നാം വളരെ പാവനമെന്ന് കരുതിയ പിതൃ-പുത്രബന്ധങ്ങൾ, മാതൃ-പുത്രബന്ധങ്ങൾ, ഭാര്യ-ഭർതൃബന്ധങ്ങൾ, സഹോദരബന്ധങ്ങൾ അങ്ങിനെ എന്തെല്ലാമാണ് കാലത്തിന്റെയും, മാറ്റത്തിന്റേയും അടിയൊഴുക്കിൽ നഷ്ടപ്പെട്ടത്. അതിർത്തിക്കപ്പുറത്തേക്ക് വേലികെട്ടുന്ന അയൽക്കാരും, മകനോട് പലിശവാങ്ങുന്ന പിതാക്കളും നമ്മുക്ക് നഷ്ടപ്പെട്ട ഈ ബന്ധത്തിന്റെ പരിഛേദങ്ങളത്രെ.

കോളോണിയൽ സംവിധാനം നിലനിൽക്കുന്നത് പിടിച്ചെടുക്കലിന്റേയും, തമ്മിലടിപ്പിക്കുന്നതിന്റേയും ഗുണഫലങ്ങൾ നിലനിൽക്കുന്ന ഒരു വ്യവസ്ഥിതിയിലാണ്. അതിനാൽ ഇത് പിടിച്ചെടുക്കലിന്റേയും തമ്മിലടിപ്പിക്കുന്നതിന്റേയും താത്വികവശം പ്രായോഗികമാക്കാനാണ് ശ്രമിക്കുന്നത്. ഈ ലക്ഷ്യം വെച്ച്കൊണ്ട് കൊളോണിയൽ ശക്തികൾ സമൂഹങ്ങൾ തമ്മിൽ സംഘട്ടനങ്ങളും, സംഘർഷങ്ങളും രൂപപ്പെടുത്തുകയും, അതിൽ നിന്ന് തങ്ങളുടെ സ്വാർത്ഥ താത്പര്യങ്ങളുടെ പൂർത്തീകരണത്തിനായി പരിശ്രമിക്കുകയും ചെയ്യുന്നു. ചരിത്രത്തിൽ കൊളോണിയൽ ശക്തികൾ നടത്തിയ ഇത്തരം ചെയ്തികളുടെ ഉദാഹരണങ്ങൾ വളരെ വ്യക്തമായി തന്നെ ദർശിക്കാൻ സാധിക്കും. ഇതിന്റെ ഭാഗമായി വർഗ്ഗീയതക്കും, വർഗ്ഗസംഘട്ടനങ്ങൾക്കും വേദിയൊരുക്കാൻ കൊളോണിയലുകൾ യാതോരുമടിയും കാണിച്ചിട്ടില്ല എന്നത് ഒരു സത്യംമാത്രമാണ്. ഇത്തരം ചെയ്തികൾ സമൂഹങ്ങളും, സമുദായങ്ങളും തമ്മിലുള്ള സൗഹൃദാന്തരീക്ഷം തകർക്കാനും, കലാപകലുഷിതമായ ഒരന്തരീക്ഷത്തിന് തുടക്കം കുറിക്കാനും ഹേതു ഭൂതമായി എന്നത് ചരിത്രത്തിന്റെ സാക്ഷ്യമുള്ള കാര്യമാണ്.




ഇന്ത്യയിലെ ആദ്യത്തെ കൊളോണിയൽ പ്രതിനിധിയായ വാസ്കോഡഗാമ തന്റെ രണ്ടാം വരവിൽ കോഴിക്കോട്ടെത്തിയപ്പോൾ നടത്തിയ പ്രഖ്യാപനം ഒരൊറ്റ മുസ്ലിം കപ്പലും കോഴിക്കോട് നിന്ന് കുരുമുളകുമായി ആജ്ഞയില്ലാതെ പുറപ്പെടരുത് എന്നായിരുന്നു. കേരളത്തിന്റെ തീരദേശങ്ങളിൽ വസിച്ചിരുന്ന മുസ്ലീം സമൂഹവും, ഉൾപ്രദേശങ്ങളിൽ വസിച്ചിരുന്ന പിന്നോക്ക - നായർ സമൂഹങ്ങളും തമ്മിൽ ഉണ്ടായിരുന്ന ഐക്യം പറങ്കികളുൾപ്പെടെ സകല സാമ്രാജ്യത്വശക്തികളുടേയും ആധിപത്യത്തിന് ശക്തമായ വിലങ്ങായിരുന്നു. ഈ വിലങ്ങുകളിൽ നിന്നു രക്ഷപ്പെട്ടു തങ്ങളുടെ താത്പര്യം സംരക്ഷിക്കാൻ കൊളോണിയൽ ശക്തികൾക്ക് വർഗീയതയും ജാതീയതയും പ്രചരിപ്പിച്ച് ഭിന്നിപ്പിക്കുകയല്ലാതെ വഴിയുണ്ടായിരുന്നില്ല. അതിനായി അവർ രായ്ക്കുരാമാനം യുദ്ധങ്ങളും കലാപങ്ങളും സൃഷ്ടിച്ചു.

ഇതാണ് കൊളോണിയലിസത്തിന്റെ രീതി ശാസ്ത്രം. അതായത് ബന്ധങ്ങളെ തകർത്ത് തങ്ങളുടെ താത്പര്യങ്ങളെ സംരക്ഷിക്കുക എന്ന വലിയപാതകം. കൊളോണിയലിസത്തിന്റെയും, പുത്തൻ കൊളോണിയൽ സംവിധാനമായ ആഗോളവൽക്കരണത്തിന്റെയും അടിവേര് പിഴുതെറിയേണ്ടത് വളരെ പ്രധാനമാണെന്നർത്ഥം.





ഹസീബ്

രണ്ടാം വർഷം ബി.എസ്.സി.സ്റ്റാറ്റിസ്റ്റിക്സ്


# ഭൂഗോളതാപനം

ഇന്ന് മനുഷ്യരാശി നേരിടുന്ന വലിയ പ്രശ്നമാണ്, ഭൂഗോളതാപനം അഥവാ ഗ്ലോബൽ വാമിംഗ്. ഭൂമിയുടെ ചൂട് ദിനേനകൂടിവരികയാണ്. ഇങ്ങനെ പോയാൽ ധ്രുവങ്ങളിലെ മഞ്ഞുപർവ്വതങ്ങൾ ഉരുകുകയും സമുദ്രനിരപ്പ് ക്രമാതീതമായി ഉയരുകയും ചെയ്താൽ, കൊച്ചു ദ്വീപുകളും സമുദ്രനിരപ്പിൽ നിന്നും അധികം ഉയരത്തിലല്ലാതെ. സ്ഥിതി ചെയ്യുന്ന ജപ്പാൻ, ബംഗ്ലാദേശ്, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങളും സമുദ്രതീരങ്ങളും വെള്ളത്തിനടിയിലാകും. ഭൂമിയിലേക്ക് വരുന്ന ചൂട് Green House Effect കാരണം ഭൂമിയിലേക്ക് തന്നെ ചൂടിന്റെ ഒരു ഭാഗം പ്രതിഫലിക്കുന്നു. $CO_2$, Methane തുടങ്ങിയ green house വാതകങ്ങളുടെ വർദ്ധനവ്, ഇതിനെ ത്വരിപ്പിക്കുന്നു. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി, വൻതോതിൽ പുറത്തു വിടുന്ന green house വാതകങ്ങളായ, കാർബൺഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോഫ്ളൂറോ കാർബൺ, പെർ ഫ്ളൂറോ കാർബൺ, സൾഫർ ഹെക്സാഫ്ളൂറൈഡ് എന്നിവയാണ് ആഗോള താപനത്തിന്റെ കാരണങ്ങൾ.

ഈ വാതകങ്ങളുടെ വർദ്ധനവ് നിയന്ത്രിച്ചിട്ടില്ലെങ്കിൽ മാനവരാശിയുടെ നാശത്തിന് കാരണമാവും, എന്നു മനസ്സിലാക്കിയിട്ടാണ് ലോകരാഷ്ട്രങ്ങൾ United nations nameworke conventions on climate change ന്റെ നേതൃത്വത്തിൽ, third conference of parties (Cop.-3) എന്ന പേരിൽ 1997 ഡിസംബറിൽ, 'ക്യോട്ടോ' വിൽ (kyoto) സമ്മേളിച്ച് ഒരു കരാറിന് രൂപം നൽകിയത്. 150-ഓളം രാജ്യങ്ങളുടെയും, ഇതര ആഗോള പരിസ്ഥിതി സംഘടനകളുടെയും പത്രറിപ്പോർട്ടർമാരുടെയും, പതിനായിരത്തോളം പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനം ആറ് green house വാതകങ്ങളുടെ ബഹിർഗമനത്തെ നിയന്ത്രിക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ കരാറിൽ ഒപ്പുവെച്ചു.

Organisation for economics corporation and development ന്റെ ഇരുപത്തിനാല് അംഗങ്ങളും, പതിനൊന്ന് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും ഉൾക്കൊള്ളുന്ന 'Annex-1' രാജ്യങ്ങൾ 2008നും 2012നും ഇടയിൽ 1990നെ അപേക്ഷിച്ച്, ഈ വാതകങ്ങളുടെ ബഹിർഗമനം 5.2% കുറയ്ക്കാൻ ഈ കരാറിലൂടെ സമ്മതിച്ചു. യൂറോപ്യൻ യൂനിയൻ ഇതേ കാലയളവിൽ, 8%മായും, ജപ്പാൻ 6% മായും. കുറയ്ക്കാമെന്ന് ഈ കരാറിലൂടെ വ്യവസ്ഥ ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ വ്യവസായ രാഷ്ട്രമായ അമേരിക്ക, 7%ആക്കി കുറയ്ക്കാമെന്ന് സമ്മതിച്ചെങ്കിലും, ചില മുടന്തൻ ന്യായവാദങ്ങൾ നിരത്തി. ഈയിടെ കരാറിൽ നിന്നും പിൻമാറുകയുണ്ടായി. റഷ്യ 90-ലെ നില കൈവരിക്കാമെന്ന്, കരാറിലൂടെ ഉറപ്പ് നൽകി. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച്, ഈ വാതകങ്ങളുടെ മലിനീകരണം വളരെ കുറവുള്ള ഓസ്ട്രേലിയയെ ഇന്നത്തെ നിലയിൽ നിന്നും 8% വരെ വർദ്ധിപ്പിക്കാൻ കരാറിൽ ധാരണയായി.


'ക്യോട്ടോ' കരാർ green house വാതകങ്ങളുടെ നിയന്ത്രണത്തിന് യാതൊരു സംവിധാനവും നിർദ്ദേശിച്ചിരുന്നില്ല. 1998 ഡിസംബറിൽ, forth conference of parties (Copc 4) എന്ന പേരിൽ അർജന്റീനയിൽ 'ബ്യൂണസ് അയേർസി'ൽ ചേരുകയുണ്ടായി. green development mechanism (CDM) എന്ന പദ്ധതി നിർദ്ദേശിക്കപ്പെട്ടു. ഈ പദ്ധതിയിൽ വികസ്വരരാഷ്ട്രങ്ങൾ അസംതൃപ്തി രേഖപ്പെടുത്തിയെങ്കിലും COP4-ൽ 98മാർച്ചിനും, 99-മാർച്ചിനും ഇടയിൽ ഒപ്പുവെക്കപ്പെട്ടു. ബ്രസീലിലെ 'റിയോഡിജനീറോ'യിൽ പരിസ്ഥിതി വികസനത്തിനായി നടന്ന സമ്മേളനത്തിൽ COD4 നിശ്ചയിച്ച ബഹിർഗമന പരിധി അംഗീകരിക്കപ്പെട്ടത് 'ക്യോട്ടോ' കരാറിന്റെ അംഗീകാരമായി. ഇതിനകം തന്നെ പല രാജ്യങ്ങളും ഈ സമയപരിധിയിൽ നിശ്ചയിക്കപ്പെട്ട ബഹിർഗമന പരിധി കൈവരിക്കാനായിട്ടുണ്ട്. ആഗോളതാപനത്തിന് ആക്കം കൂട്ടിയത്, വ്യവസായിക രാഷ്ട്രങ്ങളാണ് . പക്ഷെ, ഈ രാഷ്ട്രങ്ങൾ സാമ്പത്തിക വളർച്ച മുരടിക്കുമെന്ന് ഭയന്ന്, വ്യവസായങ്ങളുടെ മേൽ, ഈ വാതകങ്ങളുടെ പരിധി നിർണ്ണയിക്കുന്ന കാര്യത്തിൽ പിന്തിരിപ്പൻ നയമാണ് കൈക്കൊള്ളുന്നത്. 'ക്യോട്ടോ' കരാറിന്റെ ഏതൊരു തരത്തിലുള്ള പരാജയവും ഭാവിതലമുറയുടെ പരിസ്ഥിതിയുടെ മേൽ 'ഡെമോക്ലിസിന്റെ വാളുപോൽ' എന്നുമുണ്ടാകും.



SUMEETHA.
*First Year B.A. Economics*




# CAMPUS LIFE A PERVIEW



Campus - deep in sleep? The voices have died down with the exit of the Pre-degree students. The very breath of the college seems to be still.

Is lethargy sapping away the vitality of thousands of young people? Most of the college students prefer to withdraw into their own shells. Majority of them keep away from discussions and debates. This is a common feature, I guess, of all campuses. The most desappointing fact is that the number of girls who actively participate in co-cirricular activities has also been durindhing . Strange reasons are attributed to this set-back. This infact is a disgraceful state of affairs which must be rectified at the earliest.

A new film, Hrithik Roshan starrer will surely create teenage in the college. We rush to the cheatres, fight a brave battle to precure the tickets, get ourselves entertained and comeback pleased. Then, why is it that the campus is so devoid of energy when it comes to intellectual discussions? The most obvious reason for this perhaps is the misdirected conditioning of the mind. We condition our minds in such a way, that it ear accept no serious stuff.

The selfish traits very much present in the society, perhaps gets embibed in our campus too. Young people, are practical. Even campus love has taken an unprecedented turn. Gone are the days. When young men and women loved each other sincerely. 'Consumerism' has crept up even to the arena of campus love. You love, if the purse is jingling. Campus love has lost its charm, for no one really dares to love everyone wants to fall in love only if the future is promising!

Internet Invasion is almost corroding the minds of the youth. Years ago, the campus used to be filled with discussions on books. But today, it is chatting, mailing netat not. Little do

we realise that in our campus; lively, bubbling youths are degrading themselves into lifeless creatives. Net addiction is perhaps one of the gravest comerns of the future.

Even in the field of studies, students think classrooms as a place for sleeping, and tution classes as the abode of learning. Out of syllabus discussions is sure to create irritation. Everyone wants to learn the test; absolutely unaware of what is happening around.

Its high time to re-chink about the growing artificiality in the campus. It is the need of the hour to voice out our opinions. For induviduality once lost cannot be regained.

Education does not only stress on book learning, but gives importance to the development of our personality, in the era of globalisation, strangely, we confine ourselves to narrow minded thoughts. Its time for us to develop a positive approach and explore new ventures. Inspite of the fearful silence we have reasons to hope. Talented students, lively people are still alive in our campuses. The only thing we should do is breat the shell and come out, then, we can be in grip with the challenges.

It is important for us to acquire the qualities of self - dependence, love and tolerance. Let us learn them in our campus days - that us make use of these golden moments - so that in future, India - the largest democracy in the world will be the best one.

***A man said to the universe:***
***"Sir,I exist !"***
***"However",replied the universe,***
***"The fact has not created in me***
***a sense of obligation"***

***Stephen Crane***

സുജിത്കുമാർ. പി.കെ
ഒന്നാം വർഷം എം.എ ഹിസ്റ്ററി




# ക്യാമ്പസിന്റെ സിനിമ

**"Cinema means pulling a uniform over your eyes"**

ക്യാമ്പസിൽ അലയടിക്കുന്ന നേരിയ ചലനങ്ങൾ എന്നും സമൂഹത്തിന്റെ ഭാഗമായി തീരുന്നതോടെയാണ് ക്യാമ്പസും സമൂഹവും ഒന്നാണെന്ന തിരിച്ചറിവിൽ നാം എത്തിച്ചേരുന്നത്. ഇതിൽ നിന്നാണ് കാമ്പസിന്റെ മുഖം സമുഹമെന്ന കണ്ണാടിയിൽ പ്രതിബിംബം സൃഷ്ടിക്കുന്നതും അതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നതും. ഇത് നമ്മെ കൊണ്ടെത്തിക്കുന്നത് സാമൂഹികഘടന നിർണ്ണയിക്കുന്നതിൽ ക്യാമ്പസാകുന്ന സമൂഹങ്ങൾക്ക് മുഖ്യപങ്കാണ് ഉള്ളതെന്ന യാഥാർത്ഥ്യത്തിലേക്കാണ്. അതുകൊണ്ട് ക്യാമ്പസിന്റെ രാഷ്ട്രീയ സാംസ്കാരിക രംഗം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും കീറിമുറിച്ച് വിശകലനം ചെയ്യേണ്ട ഒന്നായും തീരേണ്ടിയിരിക്കുന്നു. സിനിമ എന്ന മാധ്യമത്തിന്റെ വരവോടെ ക്യാമ്പസിന്റെ വികാര വിചാരങ്ങൾ ഈ രംഗത്തും പ്രതിഫലിക്കുമെന്നത് സ്വാഭാവികം മാത്രം. എന്നാൽ ദൃശ്യമാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മുഖ്യധാരക്കാർ ക്യാമ്പസിനെ എങ്ങനെനോക്കി കാണുന്നു എന്നത് വളരെയധികം ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. ദൃശ്യമാധ്യമങ്ങൾ ക്യാമ്പസ് ജീവിതത്തിൽ വലിയ തോതിലാണ് സ്വാധീനിക്കുന്നത് എന്ന് ചുരുക്കം. മാധ്യമങ്ങളുടെ ആഘോഷത്തിൽ പൊലിഞ്ഞമരുന്ന യൗവനമാണിന്ന്. എന്നാൽ എഴുപതുകൾ ഈയൊരാഘോഷത്തിന്റെ മറുവശവും ക്ഷുഭിതയൗവനത്തിന്റെ അടയാളവുമായിരുന്നു. വേഗതയേറിയ ഈ കാലഘട്ടത്തിൽ അതിനനുസൃതമാ യ മാറ്റം ജീവിതത്തിന്റെ എല്ലാമേഖലകളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. എല്ലാറ്റിനേയും കച്ചവടക്കണ്ണോടെ കാണുന്ന 'ആധുനികർ' ക്യാമ്പസിനെയും ഒരു കച്ചവടരംഗമാക്കി മാറ്റി എന്നതിൽ എന്ത് അത്ഭുതപ്പെടാനിരിക്കുന്നു. പ്രത്യേകിച്ച് സിനിമാക്കാർ ക്യാമ്പസിന്റെ



പരസ്യ ലേബലിൽ റിലീസ് ചെയ്യുന്ന ചിത്രങ്ങൾ മാത്രം കണ്ടാൽ മതിയാകും. ഇതു തന്നെയാണ് ജനപ്രിയ ചിത്രങ്ങളായി പരിണമിക്കുന്നതും സമൂഹത്തിൽ ചർച്ചചെയ്യുന്നതും. ഇതുകൊണ്ട് പ്രധാനമായും ക്യാമ്പസുകളിൽ സംഭവിക്കുന്നത് എന്താണെന്നുവെച്ചാൽ ചിലതരം ഉപരിപ്ലവമായ ബന്ധങ്ങളും ഇക്കിളിപ്പെടുത്തുന്ന വികാരങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു തരത്തിലുള്ള 'അടിപൊളി' ക്യാമ്പസ് സംസ്കാരം പ്രദാനം ചെയ്യുക മാത്രമാണ് ചെയ്യുന്നത്. തീർച്ചയായും ഇതുകൊണ്ട് തന്നെയാണ് തനതായ ക്യാമ്പസ് സംസ്കാരം ഘട്ടംഘട്ടമായി നശിച്ചുകൊണ്ടിരിക്കുന്നത്. ക്യാമ്പസുകളിൽ നിക്ഷേപിക്കുന്ന ഇത്തരം സാംസ്കാരിക മലിനീകരണങ്ങൾ തന്നെയാണ് വിദ്യാർത്ഥികളെ നയിക്കുന്നത് എന്ന വസ്തുത തർക്കമറ്റ കാര്യമാണ്.

സിനിമകളിൽ ചിത്രീകരിക്കുന്ന ക്യാമ്പസ് എപ്പോഴും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഉപരിവർഗ്ഗത്തിന്റേതു മാത്രമായി അവശേഷിക്കുക വഴി തട്ടിമാറ്റപ്പെടുന്നത് യഥാർത്ഥചിന്താബോധമുള്ള, മാനുഷികബോധമുള്ള വിദ്യാർത്ഥികളെയാണ്. സിനിമ പണക്കൊഴുപ്പിന്റെ മാത്രം ഉല്പന്നമാണ് എന്ന് വീണ്ടും വീണ്ടും ആണയിട്ടു പറയുകയാണ് ഇതുവഴി ചെയ്യുന്നത്. ഇവിടെ സംഭവിക്കുന്നത് ക്യാമ്പസിന്റെ സർഗ്ഗാത്മകത നിലനിർത്താൻ വേണ്ടി ശ്രമിക്കുന്നവരും പൊതുവായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ന്യൂനപക്ഷത്തിന്റെയും തിരസ്കരണമാണ്. ഈ ന്യൂനപക്ഷങ്ങൾ വരുത്തുന്നചെറിയ മാറ്റങ്ങൾ ചിത്രീകരിക്കാൻ എന്തുകൊണ്ട് നമ്മുടെ മുഖ്യധാര സിനിമാക്കാർ ശ്രമിക്കുന്നില്ല എന്നുള്ള കാര്യം ചിന്തോദ്ദീപകമാണ്. ഇത് വിസ്മരിക്കുക വഴി ക്യാമ്പസ് എന്നു പറയുന്നത് ഞങ്ങൾ പറയുന്നതാണ് എന്ന് അടിച്ചേല്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടക്കുന്നത്. ഇതിനുദാഹരണമായി നിരവധി ക്യാമ്പസ് സിനിമകൾ നമ്മുടെ മുമ്പിലൂടെ കടന്നുപോയിട്ടുണ്ട്. ഇത് പറയുമ്പോൾ എല്ലാതരം ഭാഷകളിലെ സിനിമകളും ഒരേ ശൈലിയാണ് പിൻതുടരുന്നത് എന്ന് നാം തിരിച്ചറിയേണ്ടതാണ്.

പ്രണയങ്ങൾ ക്യാമ്പസിന്റെ ഊഷ്മളതയുള്ള വലയങ്ങളിൽ നിന്ന് ഐസ്ക്രീം

പാർലറുകളിലേക്ക് പറിച്ചുനട്ടത് ഇത്തരം കണ്ണിന് വിസ്മയം പകരുന്ന ദൃശ്യബോധാവബോധങ്ങളാണ്. ആയതിനാൽ നമുക്ക് യഥാർത്ഥ പ്രണയം നഷ്ടമായിക്കൊണ്ടിരിക്കുകയും ഒരു നേരത്തെ കട്‌ലറ്റും കോളയും കഴിക്കുമ്പോൾ മാത്രം നടക്കുന്ന കൂടിക്കാഴ്ച മാത്രമായി തീരുകയാണ്. പ്രണയ'വർണ്ണങ്ങൾ' മാത്രമല്ല എന്നും 'നിറ'ങ്ങൾ മാത്രമല്ല എന്നും, തിരിച്ചറിയുക വഴി നിലവിലുള്ള ക്യാമ്പസ് ചിത്രത്തിലെ നായികാനായക സങ്കല്പത്തേയും സിനിമാക്കാരുടെ പ്രണയബോധത്തേയും സാഹിത്യദൗത്യത്തേയും കാറ്റിൽ പറത്താൻ കഴിയും. അതുവഴി പുതിയ ദൃശ്യബിംബങ്ങൾ ക്യാമ്പസിനകത്ത് സമാന്തരമായി നിന്ന് ചെറുത്തുതോൽപിക്കാനുള്ള ശ്രമം വിദ്യാർത്ഥികൾ ഏറ്റെടുക്കേണ്ട പ്രധാന കടമകളിൽ ഒന്നാണ് ക്യാമ്പസുകളിൽ ഏത് തരത്തിലുള്ള പദപ്രയോഗങ്ങൾ ഉപയോഗിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം കൈക്കലാക്കിയ ഇക്കൂട്ടർ ഹൃദയഭാഷകൾ തകർക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. പ്രത്യേക തരത്തിലുള്ള കോളേജ്കുമാരീകുമാരന്മാരെ നിർമ്മിക്കാനുള്ള ശ്രമത്തിൽ തങ്ങളുടെ രചനകൾ പ്രത്യേക ദിശയിലേക്ക് നീക്കാൻ പണിപ്പെടുകയാണ്. ഇവിടെ ഒരു ചോദ്യം അവശേഷിക്കുന്നു – ഇപ്പോഴത്തെ ക്യാമ്പസിൽ പോലും (അടിപൊളി) ഒരു നേരത്തെ വിശപ്പടക്കാൻ കഴിയാതെ വലയുന്നവന്റെ, ചോക്‌ലേറ്റ് കറപുരളാത്ത യഥാർത്ഥ ജീവിതം നടക്കാത്തതെന്തുകൊണ്ട്? അത്തരമൊരു ജീവിതം ക്യാമ്പസിൽ പറ്റില്ല എന്നതുകൊണ്ടാണോ?

പൊതുവെ ചർച്ച ചെയ്യുമ്പോൾ നമ്മുടെ ചലച്ചിത്രരംഗം നേരിടുന്ന ഏകപ്രതിസന്ധി പ്രമേയപരമായി നല്ല സൃഷ്ടികൾ വളരെ കുറച്ചേ ഉണ്ടാവുന്നുള്ളൂ എന്നതാണ്. ഇത് ഒരു തരത്തിൽ ചിന്താദാരിദ്രം നേരിടുന്നതിന്റെ തെളിവാണ്. സാങ്കേതിക പരമായി നമ്മുടെ സിനിമകൾ മുന്നേറിയിട്ടും ആശാപരമായ സംവേദനത്തിന്റെ അപചയം ഒരു വലിയ യാഥാർത്ഥ്യമായി പ്രേക്ഷകന്റെ മുന്നിൽ നിൽക്കുമ്പോഴാണ് സംവിധായകൻ പരാജയപ്പെടുക എന്നു പറയാം. ഇങ്ങനെ വാദിക്കുമ്പോൾ തന്നെ സാങ്കേതിക പരമായി ഉന്നതമായ നിലവാരം പുലർത്താത്ത കാലഘട്ടത്തിൽ പോലും ക്ലാസ്സിക്കുകൾ ഉണ്ടായിട്ടുണ്ട്. തീർച്ചയായും ചലച്ചിത്രങ്ങൾ പ്രേക്ഷകനുവേണ്ടിയാണ്. അവന് വേണ്ടത് എന്തെന്ന് ചലച്ചിത്രകാരൻ മനസ്സിലാക്കുന്നതോടെയാണ് നല്ല സിനിമകളുടെയും ആവിർഭാവവും ഉണ്ടാവുന്നത്.

ക്യാമ്പസിന്റെ സ്ഥിതി വിശേഷത്തിന് കാര്യമായ തോതിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ചലച്ചിത്രത്തിനെതിരെ ചെറുത്തുനിൽപുണ്ടാ വേണ്ടതാണ്. ഇതിന് ഓരോ കോളേജിനകത്തും സാംസ്കാരിക കൂട്ടായ്മ എന്ന രീതിയിൽ തന്നെ കക്ഷിരാഷ്ട്രീയ ഭേദമന്യേ ഫിലിംക്ലബ്ബുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുക വഴി ഒരു പരിധിവരെ രക്ഷപ്പെടാൻ വിദ്യാർത്ഥികളെ സഹായിക്കുമെന്നാണ് തോന്നുന്നത്. കോളേജുകളിൽ ഫിലിംക്ലബ്ബുകൾ രൂപീകരിക്കുകയും സർവ്വകലാശാല യൂണിയൻ തലത്തിൽ ഫിലിം അക്കാദമികൾ സ്ഥാപിക്കുകയും വഴി പ്രവർത്തനങ്ങൾ കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ സാധിക്കും. അതുവഴി പുതിയ ക്യാമ്പസ് ദൃശ്യബോധം ഉണ്ടാവുകയും ചെയ്യും. കേരളത്തിലെ മിക്ക സർവ്വകലാശാല യൂണിയനുകളും ഇതിനെപ്പറ്റി ഗൗരവമായിട്ട് ചിന്തിക്കേണ്ടതാണ്. ഇതെല്ലാം കൂടിച്ചേരുമ്പോൾ ചെറുത്തുനിൽപിന്റെ ഒരു പക്ഷെ സമാന്തര ദൃശ്യബോധത്തിന്റെ പുതിയ മാനങ്ങൾ നേടാൻ സാധിക്കും. ●

**NADIRA**

*Second Year B.A. English*




# CAREER.COM

"I would like to become a doctor / engineer...... ".Hey friends, do not misunderstand this as my ambition. It is the expected answer from a blooming bud when asked what he wants to be when he grows up. This answer may not be their own. Most probably, result of the interests of their parents injected in them. Do we really have the freedom to choose a career of our own choice?

Parents play a very important role in selecting a career for their children. It seems that in Kerala the circle of career is so shrunken that they consist only of medicine and engineering. The fact is that each and every parent wants to see their childern as an engineer or doctor. It is a pity that in this technological world, parents still stick to such traditional professions, when there are unteen unexplored career possibilities. But our millenium generation is so fed that they dream of themselves in a coat and a stethescope or as an engineer.

(Often parents say they don't mind if their child chooses a career of his own interest. But the hidden fact is that they don't want their childern to take risks and being experimented). Hence many are not brought upto explore the untroddn path.." Modelling and the silver screen are the main focus of our younger generation. But many parents are obstinate to send their children to these fields because they still proon over their traditonal ideologies of name and fame and keep away their children from there. So many talents are hence terminated" says Sumitha Sudakar a PG in English Literature who now anchors Asianent's leading morning show 'Suprabatham'.

The problem with some students are that they don't have any aim until their graduation. Then they cling to 'teaching field'. Most of our students intend to take a PG in the respective courses. It is a pleasure to learn that their motive behind their decision is a JOB. Proper guidance is another under lying factor. Shinoj was very much interested in Photography, but was not aware of how much it will help him and




was not aware of the scope. So he took chemistry.

But there are exceptions where youngsters are properly guided by their parents, who are well aware of the present day. "I wasn't aware of the scope of this course and moreover I didn't have any idea of its importance. But my family is always by my side" says Anjana, a journalism student. " Many parents don't allow their children expecially girls, to come to this field, since they have to work from dawn to dusk" , says Abdul Muneer, a lecturer in Journalism. In fact, Journalism has now turned out to be one of the best job - oriented courses in this internet world.

" My interests, circumstances and my parent's interests , made me to take this course. I have to conisder my parents too and now I am completely satisfied with my decision" , says our editor Shameem, a final year physics student. IT field is another field of attraction to our students. Many of them aim at very fine position in abroad with five or six figured salary. " I would like to take a job oriented course in computer after my graduation" says Nisreen, finalyear literature student.

Careers in dress-designing, textile industry, mass communication, public-relation, managment etc are gradually coming to the trend. It seems that our youngsters are now aware of their importance. Many of them opt for a part-time job along with their studies. Some manages to perform at both levels-In studies and extracurricular activities. " I don't believe that one has to choose between studies and passion. If you want you can well perform in both" says Diju, National level badminton champion.


Making a choice would not be difficult if you are already the best in your choice of interest. All you want to do is, do what interests you rather than trodding the already trodden path. So youngsters, it is upto you, " To be or not to be, that is the question". ●




റാഫി

രണ്ടാം വർഷം ബി.എ. സോഷ്യോളജി

# സിവിൽ സർവ്വീസ്: ഇന്നലെ, ഇന്ന്



സ്വാതന്ത്ര്യപ്രാപ്തിക്ക് മുമ്പ് ഇന്ത്യയിൽ ഉന്നതോദ്യോഗങ്ങളിലേക്ക് നിയമനം നടത്തുന്നതിനു വേണ്ടി രൂപവത്കരിക്കപ്പെട്ടിരുന്നതാണ് ഇന്ത്യൻ സിവിൽ സർവ്വീസ്. 1987ലെ സൈനിക വിപ്ലവ(ശിപായി ലഹള)ത്തിനുശേഷം ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് ചക്രവർത്തിനിയിൽ നിക്ഷിപ്തമായതോടുകൂടി നിലവിൽ വന്ന ഒരു സ്ഥാപനമാണിത്. കളട ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനെ സംബന്ധിച്ച് 1858ൽ ബ്രിട്ടീഷ് പാർലമെന്റ് നിയമം പാസാക്കി. നിയമനത്തിന്റെ ചുമതല ഇന്ത്യാ സ്റ്റേറ്റ് സെക്രട്ടിക്കായിരുന്നു. ഇംഗ്ലണ്ടിന്റെ സിവിൽ സർവീസ് കമ്മീഷണർമാരുടെ ഉപദേശവും സഹായവും സ്വീകരിച്ചുകൊണ്ടാവണം നിയമത്തിന്റെ ചുമതല നിർവ്വഹിക്കേണ്ടതെന്ന് നിർദേശിച്ചിരുന്നു. പ്രസ്തുത നിയമത്തിന്റെ 32-ാം വകുപ്പ് പ്രകാരം ഒരു മത്സരപരീക്ഷ നടത്തിവേണം നിയമനങ്ങൾ നടത്താനെന്ന് അനുശാസിച്ചിരുന്നു. 1860-ൽ ഈ നിയമമനുസരിച്ചുണ്ടാക്കിയ ചട്ടങ്ങളിൽ ഉദ്യോഗാർത്ഥികളുടെ വയസ്സ് 22 എന്ന് ക്ലിപ്തപ്പെടുകയും തിരഞ്ഞെടുക്കപ്പെട്ടവർ ഒരു കൊല്ലം ഇംഗ്ലണ്ടിൽ പരിശീലനം (Probation) നടത്തണമെന്ന് വ്യവസ്ഥപ്പെടുകയുമുണ്ടായി. 1880-ൽ വയസ്സ് 22ൽ നിന്ന് 21 എന്നാക്കി. എന്നാൽ ഇംഗ്ലണ്ടിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ 2 വർഷം പരിശീലനം നടത്തണമെന്ന വ്യവസ്ഥ നിർബന്ധിതമാക്കി. 1861ലെ ഇന്ത്യൻ സിവിൽ സർവീസ് നിയമപ്രകാരം ചില ഉദ്യോഗങ്ങൾ കളട പാസാകുന്നവർക്കു മാത്രമായി നീക്കി വെച്ചു. (അന്ന് ഇതിന് Conenated Civil Service എന്നാണ് പറഞ്ഞിരുന്നത്.)

### ആദ്യതലമുറ:

ICS പരീക്ഷ ജയിച്ച് ഇന്ത്യയിൽ ഉദ്യോഗസ്ഥന്മാരായി പോകാനുള്ള താത്പര്യം ഇംഗ്ലീഷുകാരിൽ ആദ്യകാലം മുതൽ തന്നെ കാണപ്പെട്ടിരുന്നു. 1860ൽ 80 ഒഴിവുകളിലേക്ക് 154 പേർ മത്സരിച്ചപ്പോൾ - 1865ൽ 52 ഒഴിവുകളിലേക്ക് 284 പേരും - 1870ൽ 40 ഒഴിവുകളിലേക്ക് 325 പേരുമാണ് മത്സരിക്കാൻ മുന്നോട്ടുവന്നത്. ഇവരെല്ലാവരും ഇംഗ്ലീഷുകാരായിരുന്നു.

ഇംഗ്ലണ്ടിൽ ചെന്ന് ഇംഗ്ലീഷുകാരോട് അവരുടെ ഭാഷയിൽ മത്സരിച്ചു ജയിക്കുന്ന കാര്യത്തിലുള്ള ആശങ്കയും ഇംഗ്ലണ്ടിലേക്കുള്ള യാത്രാചെലവും ബുദ്ധിമുട്ടും സർവ്വോപരി തിരിച്ച് ഇന്ത്യയിലെത്തിയാൽ നേരിടാനുള്ള സാമൂഹിക പരാധീനതകളും ഇന്ത്യൻ ഉദ്യോഗാർത്ഥികളെ ഇതിൽ മത്സരിക്കുന്നതിൽനിന്നും ആദ്യകാലങ്ങളിൽ പിന്തിരിപ്പിച്ചിരുന്നു. എങ്കിലും ചില സാഹസികർ ഈ പരീക്ഷണങ്ങളെല്ലാം വെല്ലുവിളിച്ചുകൊണ്ട് ഇതിലും വിജയം നേടി. രവീന്ദ്രനാഥടാഗോറിന്റെ ജ്യേഷ്ഠനായ സുരേന്ദ്രനാഥടാഗോർ (1842-1923) ആണ് ആദ്യമായി കളട പരീക്ഷ ജയിച്ച ഭാരതീയൻ. അദ്ദേഹം District Session Justice ആയി വിരമിച്ചു.

ഉദ്യോഗനിയമത്തിൽ ഇന്ത്യക്കാരും ഇംഗ്ലീഷുകാരുമായി

യാതൊരു വിവേചനവും ഉണ്ടായിരിക്കുന്നതല്ലെന്ന് 1833ലെ ചാർട്ടർ ആക്ടിലും 1858ലെ രാജ്ഞിയുടെ വിളംബരത്തിലും 1861ലെ ഇന്ത്യാആക്ടിലും വ്യവസ്ഥകൾ ഉൾപ്പെടുത്തപ്പെട്ടിരുന്നെങ്കിലും, ആദ്യകാലങ്ങളിൽ വലിയ ഉദ്യോഗങ്ങളിൽ ഭാരതീയരുടെ സംഖ്യ വളരെ തുച്ഛമായിരുന്നു. 1870ൽ ഒരൊറ്റ ഇന്ത്യക്കാരൻ മാത്രമാണ് കളട പരീക്ഷ പാസ്സായത്. ഇക്കാര്യത്തിൽ മനപ്പൂർവ്വം വിവേചനം കാണിക്കുന്നുണ്ടെന്ന ബോധം ഇംഗ്ലീഷ് ഭരണാധികാരികൾക്കും ഉണ്ടായിരുന്നു. മുൻ പറഞ്ഞ നിയമങ്ങൾ പാസ്സാക്കി കഴിഞ്ഞ ഉടൻതന്നെ അവ നടപ്പാക്കുന്നതിൽ നിന്ന് ഒഴുഞ്ഞുമാറാനുള്ള അടവുകളും ഉപായങ്ങളും ഗവൺമെന്റ് കണ്ടു പിടിക്കാൻ തുടങ്ങിയെന്ന് 1878ൽ വൈസ്രോയി ആയിരുന്ന ലിന്റൻ പ്രഭു ഇന്ത്യ സ്റ്റേറ്റ് സെക്രട്ടറിക്കെഴുതിയ ഒരു സ്വകാര്യകത്തിൽ സൂചിപ്പിച്ചിരുന്നു.

1870-1900 വരെയുള്ള മൂന്ന് ദശാബ്ദകാലത്തിനിടയ്ക്ക് കളട പരീക്ഷയിൽ പങ്കെടുക്കുകയും ജയിച്ചുവരികയും ചെയ്ത ഉദ്യോഗാർത്ഥികളുടെ പട്ടികയാണ് ചുവടെ.

| വർഷം | ഒഴിവുകൾ | ആകെ ഉദ്യോഗാർത്ഥികൾ | ഇന്ത്യൻ ഉദ്യോഗാർത്ഥികൾ | വിജയിച്ച ഇന്ത്യക്കാർ |
|---|---|---|---|---|
| 1870 | 40 | 332 | 7 | 1 |
| 1880 | 27 | 162 | 2 | 0 |
| 1890 | 47 | 205 | 10 | 5 |
| 1900 | 52 | 213 | 17 | 2 |

ഇന്ത്യക്കാരുടെ ന്യായമായ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്താൻ ഈ പരീക്ഷകൾ ഒരേ സമയം ഇംഗ്ലണ്ടിലും ഇന്ത്യയിലും വച്ചു നടത്തണമെന്ന ഒരു വാദം ഈ കാലങ്ങളിൽ ഉയർന്നു വന്നു. നീതിബോധമുള്ള ചില ഇംഗ്ലീഷുകാരും ഇതിനെ അനുകൂലിച്ച് രംഗത്തിറങ്ങി. 1858ൽ ഇന്ത്യാസ്റ്റേറ്റ് സെക്രട്ടറി നിയമിച്ച ഒരു കമ്മറ്റി ICS പരീക്ഷകൾ ഇന്ത്യയിൽ വച്ചുകൂടി നടത്തേണ്ടതാണെന്നു ശുപാർശ ചെയ്തു. അതനുസരിച്ച് പിന്നീട് നടപടിയൊന്നും ഉണ്ടായില്ല. എന്നാൽ ഇന്ത്യക്കാരുടെ അവകാശവാദങ്ങൾ പിന്നീട് ഉയർന്നുവന്നപ്പോൾ ഇതിനെ സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കാൻ ഗവർണർ ജനറലിനോട് ആവശ്യപ്പെടുന്ന ഒരു നിയമം 1870ൽ ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കി. മനസ്സില്ലാമനസ്സോടെ ഗവ: ജനറൽ നാല് വർഷം കൊണ്ട് തയ്യാറാക്കിയ ചട്ടങ്ങൾ ലണ്ടനിലേക്ക് അയച്ചപ്പോൾ അവ സ്റ്റേറ്റ് സെക്രട്ടറിക്ക് സ്വീകാര്യമായിരുന്നില്ല. പിന്നീട് 1879ൽ വയസ്സ് 19 ആക്കി കുറയ്ക്കുകയും നല്ല കഴിയും വിദ്യാഭ്യാസവും നല്ല സാമൂഹിക നിലയുമുള്ള നല്ല കുടുംബത്തിൽ ജനിച്ച യുവാക്കൾക്ക് മാത്രമാണ് ഈ ഉദ്യോഗങ്ങൾ എന്നും ഒരു കൊല്ലത്തിൽ ഇന്ത്യൻ സ്റ്റേറ്റ് സെക്രട്ടറി നിയമിക്കുന്ന ആകെ സിവിൽ ഉദ്യോഗസ്ഥൻമാരുടെ സംഖ്യയിൽ ആറിൽ ഒന്ന് നാട്ടുകാർ ആയിരിക്കണമെന്നും ഉത്തരവിൽ പറഞ്ഞിരുന്നു. പക്ഷെ ഇങ്ങനെ തിരഞ്ഞെടുക്കുന്നവരെ നിയമാധിഷ്ഠിത സിവിൽ ഉദ്യോഗസ്ഥന്മാർ (Statutory Civil Service) എന്നാണ് പറഞ്ഞിരുന്നത്.

ഇതൊന്നും ഇന്ത്യക്കാരെ തൃപ്തിപ്പെടുത്തിയില്ല. ഒടുവിൽ ഡഫ്റിൻ പ്രഭു 1886 നവംബർ 4ന് ഒരു PSCക്ക്രൂപം നൽകി. പഞ്ചാബ് ലഫ്. ഗവർണറായ സർ. ചാൾസ് എല്ലീസൺ അദ്ധ്യക്ഷനായ ഈ കമ്മീഷൻ 4 ഹിന്ദുക്കളും 2 മുസ്ലീം അംഗങ്ങളുമുൾപ്പെടെ 15 പേരും ഒരു സെക്രട്ടറിയും ഉണ്ടായിരുന്നു. 19നും 22നും വയസ്സിനിടയ്ക്കുള്ള നാട്ടുകാർക്ക് ഈ പരീക്ഷയെഴുതാമെന്നും ഇീലിമിലേറ Civil Service എന്ന പേര് ഇമ്പരിയൽ സിവിൽ സർവ്വീസ് എന്ന് വ്യത്യാസപ്പെടുത്തണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. കിറശമി Civil Service എന്നാക്കി മാറ്റിക്കൊണ്ട് ഈ ശുപാർശകൾ ഇന്ത്യാസ്റ്റേറ്റ് സെക്രട്ടറി 1892ൽ അംഗീകരിച്ചു. 1893 June 2 ന് പരീക്ഷ ഒരേ സമയം ഇംഗ്ലണ്ടിലും, ഇന്ത്യയിലും നടത്തണമെന്ന ഔദ്യോഗിക പ്രമേയം കോമൺ സഭ പാസാക്കിയെങ്കിലും അത് പ്രാവർത്തികമാക്കാനുള്ള നടപടികളൊന്നും കൈകൊണ്ടില്ല.ഇതിന്റെ ഫലമായി ഇന്ത്യക്കാരിൽ അസംതൃപ്തി വർദ്ധിച്ചുകൊണ്ടിരുന്നു.

മിതമായ സ്വരത്തിൽ ഇന്ത്യക്കാർ ഉന്നയിച്ച അവകാശവാദങ്ങൾ പ്രകോപനമാം വിധം അവഗണിക്കുന്ന നയമാണ് ബ്രിട്ടീഷ് ഭരണാധികാരികൾ പുറത്തെടുത്തത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രഥമ സമ്മേളനത്തിൽ (1885) ബ്രിട്ടീഷ് ഭരണാധികാരികളുടെ ധിക്കാരപരമായ സമീപനത്തെ കണക്കറ്റ് വിമർശിച്ചു. ഇതിൽ പാസാക്കിയ പ്രേമയങ്ങളെപ്പറ്റി London times ഇങ്ങനെ റിപ്പോർട്ട് ചെയ്തു. അതിൽ സംബന്ധിച്ചിരുന്ന പ്രതിനിധികൾ ഇന്ത്യയുടെ ബുദ്ധിപരമായ ഔന്നത്യത്തെ പ്രതിനിധാനം ചെയ്തിരുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അവർക്ക് സംസാരിക്കാനും എഴുതാനും വേണ്ടത്ര കഴിവുണ്ടെന്നതിനാൽ ഞങ്ങൾക്ക് സംശയമേതുമില്ല. ഇത്തരം ജോലികൾക്കുള്ള പരിശീലനമായിരുന്നു അവരുടെ ജീവിതം മുഴുവനും. എന്നാൽ അവർക്ക് ബുദ്ധിപൂർവ്വം ഭരണം നടത്താനോ ബുദ്ധിപൂർവ്വമോ അല്ലാത്തതോ ആയ അവരുടെ ഭരണത്തിൽ ജനങ്ങളുടെ ആദരവ് ജനിപ്പിക്കാനോ കഴിയുമെന്നുള്ളതിനെ പറ്റി ഞങ്ങൾക്ക് ഉറപ്പിച്ച് പറയാനാവില്ല................ അർഹമായ തോതിൽ രാഷ്ട്രീയാവകാശങ്ങൾ അവർക്കും നേടാൻ കഴിഞ്ഞേക്കും...................... ആ രാജ്യത്തിന്റെ ഭരണം അവരുടെ കൈകളിലാണെങ്കിലും ബലം പ്രയോഗിച്ചേ അവിടെ ഭരണം നടത്താനാവൂ. ബലപ്രയോഗം കൊണ്ടാണ് നാം ആ രാജ്യം ഏറ്റെടുത്തത് എന്നാണ് ഇതിനു കാരണം. ഏറ്റവും വാചാലമായ രചനക്കോ, ഏറ്റവും സന്നദ്ധമായ തൂലികക്കോ വേണ്ടിയല്ല മറിച്ച് ഏറ്റവും ശക്തിയേറിയ കാരണങ്ങൾക്കും ഏറ്റവും മൂർച്ചയുള്ള ഖണ്ഡങ്ങൾക്കും വേണ്ടിയായിരിക്കും, വേണ്ടിവരുമ്പോൾ പിൻമാറുക. കോൺഗ്രസ്സംഗങ്ങൾ ഇതോർത്തിരിക്കുന്നത് നന്ന്.

ഇന്ത്യക്കാരുടെ ദേശീയാഭിലാഷങ്ങൾക്ക് കൂടുതൽ മൂർത്തരൂപം കൈക്കൊണ്ട് തുടങ്ങിയതോടുകൂടി അവയെ മർദ്ദിച്ചൊതുക്കാറുള്ള ICS ന്റെ പങ്കാളിത്തവും കൂടുതൽ വിപുലമാകാൻ തുടങ്ങി. മർമ്മപ്രധാനമായ അത്യുന്നത സ്ഥാനങ്ങളിലെല്ലാം ഇംഗ്ലണ്ടിൽ നടത്തപ്പെടുന്ന മത്സര പരീക്ഷയിൽ ജയിച്ച് വന്ന ഇംഗ്ലീഷുകാർ നിറഞ്ഞു. സാമ്രാജ്യത്വ ഭരണത്തിന്റെ താക്കോലായിരുന്ന വൈസ്രോയിയുടെ നിർവാഹക സമിതിയിൽ ഇവർക്കേ സ്ഥാനമുണ്ടായിരുന്നുള്ളത്രേ. വളരെക്കാലത്തേക്ക് ഈ ഉരുക്ക് കൂട് ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണത്തിന്റെ ചുഴിക്കുറ്റികളും ശക്തി സംരംഭങ്ങളും ആയിത്തീർന്നു. കളട സമുദായം ഒടുവിൽ ആഢ്യജാതിയായിത്തീർന്നെന്നാണ് ഇംഗ്ലീഷുകാരനായ സർ വി.പി.റോൾ രേഖപ്പെടുത്തിയിരിക്കുന്നത്. സ്വർഗ്ഗജാതർ (Heaven born) എന്നും ഇവരെപ്പറ്റി പറ

യാറുണ്ടായിരുന്നു. ഇവരുടെ ശക്തിയും സ്വാധീനവും വർധിച്ച് വൈസ്രോയിമാരുടെ തീരുമാനങ്ങളെത്തന്നെ മറികടക്കുക അപൂർവ്വമായിരുന്നില്ലെന്നും റിപ്പൺ പ്രഭുവിന്റെ ഭരണപരാജയത്തിന് ഉത്തരവാദികൾ ഇവരല്ലാതെ മറ്റാരുമായിരുന്നില്ലെന്നം മറ്റൊരു ഇംഗ്ലീഷുകാരനായ W.S. ബ്ലണ്ട് പറഞ്ഞിട്ടുണ്ട്. ഇന്ത്യൻ അഭിലാഷങ്ങളെ അറിഞ്ഞാദരിച്ച അപൂർവ്വം ചില ഇംഗ്ലീഷുകാരായ കളട ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നെന്നുള്ള കാര്യം വിസ്മരിക്കവയ്യ. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഉദയത്തിന് ഹേതുഭൂതരായ അല്ലൻ ഒക്ടോവിയസ് ഹ്യൂം (A.O. Hume), വില്യം വേഡ്ഡർബേൺ എന്നിവരുടെ പേരുകൾ ഈ പട്ടികയിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇന്ത്യയോട് സഹാനുഭൂതിയോടുകൂടി പെരുമാറണമെന്നു വാദിച്ച മറ്റൊരു ഇംഗ്ലീഷുകാരനായ ICS ഉദ്യോഗസ്ഥൻ ഹെന്റികോട്ടായിരുന്നു.

പല പ്രതിബന്ധങ്ങളും സഹിച്ച് ഇംഗ്ലണ്ടിൽ പോയി ICS പരീക്ഷയിൽ പ്രശസ്തമായി പാസ്സായിവന്ന സുഭഷ് ചന്ദ്രബോസ്, ഹരി വിഷ്ണു കമ്മത്ത് തുടങ്ങിയ ചുരുക്കം ചിലർ മാതൃഭൂമിയുടെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടിയുള്ള സമരത്തിൽ തങ്ങളുടെ ഉദ്യോഗങ്ങൾ വലിച്ചെറിഞ്ഞ ധീരരായ ഭാരതീയരാണ്. ICS അംഗങ്ങളെന്ന നിലയിൽ സ്വാതന്ത്ര്യഭാരതത്തിനുവേണ്ടി നിർവഹിച്ച സേവനത്തിന്റെ പേരിൽ പ്രശസ്തി നേടിയവരാണ്, KPS മേനോൻ, ചഗ പിള്ള തുടങ്ങിയ കേരളീയർ.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഇംഗ്ലണ്ടിൽ വച്ച് മത്സരപരീക്ഷ നടത്തി ഇന്ത്യയിൽ ഉദ്യോഗനിയമനത്തിന് ആളുകളെ അർഹരാക്കുന്ന പതിവ് സ്വാഭാവികരായി തന്നെ അവസാനിച്ചു. 1947–ന് മുമ്പ് നിയമിതരായ ICS ഉദ്യോഗസ്ഥൻമാർ അവരുടെ പ്രായപരിധി അകുമ്പോൾ ഉദ്യോഗങ്ങളിൽ നിന്നും മുറപോലെ വിരമിക്കുകയും ചെയ്തു. 1970 മാർച്ച് വരെ ഇന്ത്യാ ഗവൺമെൻറിനു കീഴിൽ വിവിധ സംസ്ഥാനങ്ങളായി നൂറോളം ICS ഉദ്യോഗസ്ഥർമാരാണ് ഉണ്ടായിരുന്നത്. ഒടുവിലത്തെ ICS ഉദ്യോഗസ്ഥൻ വിരമിച്ചത് 1979–ൽ ആണ്. 1977 മെയ് മാസത്തിൽ ലോകസഭ പാസാക്കിയ ഭരണഘടനാഭേദഗതി നിയമപ്രകാരം കളട കാരുടെ പ്രത്യേകാവകാശങ്ങൾ എടുത്തു കളഞ്ഞു. അതോടെ കളട ഉദ്യോഗശ്രേണി ഇന്ത്യയിൽ നിന്നും അന്തർധാനം ചെയ്തു.

## സിവിൽ സർവീസിന്റെ വർത്തമാനം.

കേന്ദ്രഗവർമെന്റിന് കീഴിൽ ഇന്ന് 27ഓളം വകുപ്പുകളിലായാണ് സിവിൽ സർവീസ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. IFS, IAS,IPS............ തുടങ്ങിയ ഉന്നത പദവികൾ ഈ വകുപ്പുകളിൽ പെടുന്നതാണ്. മൂന്ന് തലങ്ങളിലായുള്ള പരീക്ഷയുടെ ഒടുവിലാണ് സിവിൽ സർവ്വീസിന് ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നത്. പ്രിലിമിനറി, മെയിൽ. ഇന്റർവ്യൂ എന്നിവയാണ് മൂന്ന് തലങ്ങൾ. എല്ലാ വർഷവും ഡിസംബർ – ജനുവരിയിലാണ് ഈ പരീക്ഷയുടെ നടപടികൾ ആരംഭിക്കുന്നത്.

## കേരള പശ്ചാത്തലം:

100% സാക്ഷരതയുടെ പുറം മേനിയിൽ അഹന്ത നടിക്കുന്നവരാണ് മലയാളികൾ എന്ന വിശ്വാസം, സിവിൽ സർവീസ് പരീക്ഷയുടെ ഫലങ്ങൾ യാഥാർത്ഥ്യമാകുന്നു. ഉയർന്ന ആരോഗ്യനിലവാരവും, വികസിത രാഷ്ട്രങ്ങളുടേതിന് തുല്ല്യമായ വികസനം, സംസ്കാരവും, എല്ലാമുണ്ടായിട്ടും ഉന്നത വിദ്യാഭ്യാസ രംഗത്ത് ബീഹാറുകാരേക്കാൾ പോലും ഏറെ പിന്നിലാണ് നാമെന്നത് ചിന്തിക്കേണ്ടതും പരിഹാരം തേടേണ്ടതുമായ ഒരു സമസ്യതന്നെയാണ്. സിവിൽ സർവീസ് പരീക്ഷയിൽ തിരഞ്ഞെടുക്കുന്നവരെ എണ്ണാൻ, കൈവിരലുകൾ തന്നെ അധികപറ്റാവുന്ന ദയനീയ സ്ഥിതി കേരളത്തിന്റെ സ്വന്തമാണ്.

ഉത്തരേന്ത്യയിൽ ഹൈസ്കൂൾ തലം മുതൽ സിവിൽ സർവീസ് ജ്വരം ബാധിക്കുമ്പോൾ ഇവിടെയത് മെഡിക്കൽ/എഞ്ചിനിയറിംഗ് എൻട്രൻസിലേക്കായതാണ് പിന്നോക്കാവസ്ഥയുടെ ഒരു പ്രധാന കാരണം. ഡിഗ്രിയും, പിജിയും, പി.എച്ച്. ഡിയും കഴിഞ്ഞ് തൊഴിലില്ലാതെ നിൽക്കുന്നവരുടെ അഭയസ്ഥാനമാണ് കേരളീയരിൽ ഭൂരിഭാഗവും സിവിൽ സർവ്വീസിനെ നോക്കിക്കാണുന്നത്. പഠനത്തിൽ മിടുക്കുള്ളവർ പ്രൊഫഷണൽ കോഴ്സുകളിലേക്ക് വഴിതിരിയുമ്പോൾ, മിടുക്കൻമാരായ അദ്ധ്യാപക സമൂഹം നമുക്കന്യമാവുന്നു. സിവിൽ സർവീസ് പരീക്ഷയുടെ പരിശീന കേന്ദ്രങ്ങൾ കേരളത്തിൽ തുലോം പരിമിതമാണ്. ഇതൊക്കെയാണ് മലയാളികൾ സിവിൽ സർവീസ് പരീക്ഷകളിൽ പിന്തള്ളപ്പെടുന്നതിന്റെ വർത്തമാന കാല കാരണങ്ങൾ.

## ഫാറൂഖ് കോളേജിന്റെ പശ്ചാത്തലം:

ചിരത്രത്തിൽ എന്നും കേരളത്തിന്റെ പ്രത്യേകിച്ച് മലബാറിന്റെ,. ആവശ്യം കണ്ടറിഞ്ഞ് നിയോഗം നിറവേറ്റുന്ന ഫാറൂഖ് കോളേജ് തന്നെയാണ് കേരളത്തിലെ സിവിൽ സർവീസ് രംഗത്തെ പിന്നോക്കാവസ്ഥപരിഹരിക്കാനും ആദ്യം മുന്നിട്ടിറങ്ങുന്നത് എന്നത് വീണ്ടുമൊരു ചരിത്രനിയോഗമാവാം. വർഷങ്ങൾക്ക് മുമ്പ് ഫാറൂഖ് കോളേജിലെ ഒരു ചർച്ചാവേളയിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തം പിന്നോക്കാവസ്ഥ സുപിതമായി. അണ്ടർ ഗ്രാഡുവേറ്റ് വിദ്യാർത്ഥികളെ സിവിൽ സർവീസ് പരിചയരപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ, അഞ്ച് വർഷങ്ങൾക്ക് മുമ്പ് I&T സംവിധാനം ഏർപ്പെടുത്തി അനുഭവസമ്പന്നമായ അദ്ധ്യാപക സമൂഹം, അത്യാധുനിക രീതിയിൽ വിന്യസിച്ച ഇൻഫൊർമാറ്റിക് സെന്റർ, ഉയർന്നു വരുന്ന ലൈബ്രറി കോപ്ലക്സ് എന്നിവ ഫാറൂഖിന്റെ മാത്രം അനുഗ്രഹമാണ്. ഇതിലുപരി കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്, ഇന്ത്യയിലെ പ്രഗൽഭ വിദ്യാഭ്യാസ കേന്ദ്രങ്ങളായ റീജിനീയൽ എഞ്ചിനീയറിംഗ് കോളേജ് (REC), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM) തുടങ്ങിയവ ഫാറൂഖിന്റെ ചുറ്റും തന്നെ സ്ഥിതി ചെയ്യുന്നുവെന്ന മറ്റൊരു അനുഗ്രഹം കൂടെ ഒത്തുവന്നപ്പോൾ വെല്ലുവിളികൾ ഏറ്റെടുത്ത് ഈയൊരുദൗത്യവുമായി മുന്നോട്ട് പോവാൻ കോളേജ് തീരുമാനിക്കുകയായിരുന്നു. ഇതിനിടയിൽ ഈ സംരംഭം ഫാറൂഖ് കോളേജിന്റെ സുവർണ്ണജൂബിലി പദ്ധതിയിൽ ഉൾപ്പെടുത്തുകയും, വ്യവസ്ഥിതിയും, സാമൂഹിക സാംസ്കാരിത രംഗത്തെ പ്രവർത്തകനുമായ ഡോ. ഗൾഫാർ മുഹമ്മദാലി സാമ്പത്തിക സഹായ വാഗ്ദം ചെയ്യുകയും ചെയ്തപ്പോൾ Farook College PMICS (Farrok College - PM Institute of Civil Services) സാക്ഷാത്കരിക്കപ്പെടുകയായിരുന്നു.

നിരവധി സ്ഥാപനങ്ങൾ ഉത്തരേന്ത്യയിലും മറ്റും വാണിജ്യാടിസ്ഥാനത്തിൽ സിവിൽ സർവീസ് – പരിശീലനം നൽകുമ്പോൾ തന്നെയാണ് മിടുക്കരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക ബാധ്യത വരാതെ തയ്യാറെടുക്കാൻ മികച്ചൊരു സ്ഥാപനം കോളേജിന് സാധ്യമാവുന്നത്. മിടുക്കൻമാരായ വിദ്യാർത്ഥികളെ കണ്ടെത്തി, തീവ്രമായ അക്കാഡമിക് പരിപാടിയിലൂടെ പരീക്ഷക്ക് സജ്ജരാക്കുക എന്നതാണ് ലക്ഷ്യമെന്നും, സിവിൽ സർവീസ് അവിഭാജ്യ മനസ്സുകളുടെ തീവ്രമായ ഏകാഗ്രതയുടേയും പരിശീലനത്തിന്റയും മാത്രം ഉൽപന്നമാണെന്നും: ഫാറൂഖ് കോളേജ് പ്രിൻസിപ്പാളും Farook College PMICS ആസൂത്രകനുമായ ഡോ.പി.എം. മുബാറക് പാഷ പറയുന്നു.

സമൂഹത്തിന്റെ ശാക്തീകരണത്തിന് ഡമോക്രാറ്റിക് ബ്യൂറോക്രസി ഏറെ സഹായകരമാണ്. സാമൂഹിക മാറ്റമുണ്ടാക്കാൻ കഴിയുന്ന ഈ തലത്തിലേക്ക് ഫാറൂഖ് കോളേജിന് ചെയ്യാൻ കഴിയുന്നത് ചെയ്യുക എന്നതാണ് നയം. പാഷസാർ പറഞ്ഞ് നിർത്തിയപ്പോൾ വരക്കാൻ പോകുന്ന ചിത്രവും, വരച്ചുവെക്കുന്ന ക്യാൻവാസും പ്രതീക്ഷയുടെ ലോകത്താണ്.




FIROZ. A. LATHEEF

*First Year B.Com*

# E-MILLENNIUM

Today almost each word in the English dictionary is fast catching up with the prefix 'e'. The late nineties have witnessed the rise of a number of technological terms - Internet, e-mail, e-commerce, word wide web, website, information technology and so on . In a developing country like India these are unknown and unaffordable to a large percentage of population. But recent surveys and studies have shown that India has a vast scope in the IT (Information Technology) sector. This is mainly because of the technological skill & knowledge we possess. A fair amount of computer programmers and software developers working abroad especically, in the U.S are Indians.

E-mail & E-Commerce stand tall in the vast world of the Internet. To be precise, e-mail is the shortened form of electronic mail, which is the sending of messages from one computer to another, provided both are connected to the internet. In this information age that considers speed as the god, e-mail has high potential. People can search for job offers, get information on vacant




posts and send their resumes over e-mail. An admission to a foreign university which involves procurement of prospectus, filling up forms, interview, visa etc etc can now be done e-mail in just a matter of few days. In India most of the e-mailing is done from offices, colleges & cyber kiosks rather than homes. According to the CEO of Rediff.com, one of India's leading websites. the users of e-mail in india has skyrocketed to 50 lakh. Currently students and businessmen are the biggest users. Even our paperbound bureaucracy is slowly switching on to e-mail. The utility of e-mail was evident during the recent hijack of Indian Airlines. A passenger aboard the flight managed to send an e-mail from his laptop computer to the Indian embassy in Nepal. Similarly during the military coup in Pakistan where the army cut phone lines, switched off cell phone networks and brought the T.V under their control, they couldn't touch the incandescent rays of e-mail. The story went like this: the wife of a minister send an e-mail to her relative in Delhi describing how the army sprawled into their houses on the night of the coup. This made it to the front pages of the next day's newspapers.

The real glamour of using e-mail is that one needn't own a computer to use it. It can be done from any cyber kiosk. All one has to do is to register themselves with any of the free e-mail sites like yahoo, hotmail, rediff etc. The economy of using e-mail is unmatched. To make a 3-minute's call to U.S it costs around Rs 200. But a hundred page e-mail can be sent, say at the cost of a local call.

Users of this technology seem to have forgotten the art of writing letters. Pen & paper are ignored. Instead the mouse and keyboard have found place. Just as the T.V killed the radio, e-mail is killing the romance of the letter. In short, e-mail is the giant leap of mankind from pen to mouse.

Another fast developing area in the Internet is e-commerce. It can be defined as the conduct of buying and selling goods over the internet, servicing customers and collaborating with business partners. Today e-commerce is a reality in the west and an emerging reality in India. Through e-commerce, middlemen in trade are reduced to a large extent. Hence the relationship between the producer and the end consumer becomes more direct. Marketing has a vital role to play in Internet trade. Customers can avail goods through the web at high discounts. The size of the market is also unlimited where there is a wide choice and excellent competiton. A foreigner in Europe can buy an Indian handicraft through a website just at the click of a mouse from his house. All he has to do is to pay for it by quoting his credit card number.




At present, e-commerce is in its developing stage. Books, CDs, computer peripherals & software are the mostly sought for items on the web. In Delhi a website was created which allows users to order vegetables through the net. This would be delivered within 15 minutes in the city. Buyers can either pay by credit card or at the time of delivery. More and more technologies are round the corner. For example 'Feel the Web' technology was developed at the University of Michigan, U.S.A. Here a special kind of mouse was developed which makes the user feel those items displayed on the monitor. This is possible by special kinds of vibration in the mouse. If this were a success it would help e-commerce a great deal.

(The new millenium promises dynamism. Things are changing at an excrescent pace. We have to be fast, flexible and adaptive to encounter them. Looking around the Internet is everywhere. Youngsters use it to chat with friends abroad. NRIs send e-greetings to their relatives back home. Corporates use it to transfer executives at high speed.... And the list continues, But one thing is sure. This will be an electronic millenium or an e-millenium, where flesh & blood paves way to Silicon & light.

**CK. AHAMMED**

*Dept.of . English*




# ENGLISH IN INDIA

English is often described as a window to the outside world and as the language of world civilisation, serving as the gateway to twentyifirst century thought and culture. Universally popular by its richness, flexibility elegance and dignity, it is the language of trade, industry, commerce, diplomacy and administration. It is a language rich in literature and about 70% of the world knowledge is printed in English. It is the link language, "linguafranca" and a unifying factor between countries. The number of people speaking English is about 350 million which is next only to speakers of the Chinese language. F.G. French has observed; " A traveller who can speak English will find somebody, who can understand him wherever he may go; anyone who can read English can keep in touch with the whole world with out leaving his own house". It is the language which opens to us prospects of employment of home and abroad and offers means of cultural communication with other parts of the world.

In India English is the "lingua franca". It is the language of higher education, of public administration, of law courts and of Commerce. English which was to continue as the official language up to January 26, 1965, will under the official language Act of 1963, continue to be used even after that day in addition to Hindi. According to the 'Times Of India" report (4 July 1965) the number of people knowing English in India is estimated as 11 million and it is probably the most important second language in India today. Our government has made it a compulsory subject of study in India since it is the link language between the multilingual status. The official language commission has remarked that " English is the key to the store house of knowledge not yet

available in the Indian languages and a window to the rapid progress of technology and scientific knowledge that is constantly taking place in the world.

During the pre-independence period English was the medium of instruction, first language, lingua franca and the queen of languages in the whole country. The well experienced native English teachers of that era helped the students to speak "A class English" and it was a passport for employment. After independence some leaders argued for the retention of English in India. C. Raja Gopalachari said; " We in our anger against the British people, should not throw away the baby (English) with the bath water (English people)". According to Pandit Nehru "150 years of intimate contact has made English an integral part of our education system and this can not be changed without injury to the cause of education in India. Mahatma Gandhi wanted to uproot English from India and said, " It is my considered opinion that English education, in the manner it has been given, has emasculated the English of educated Indians. It has put a severe strain upon the Indian students and made us imitators".

When the Indian constitution was framed, it was unanimously dewded to continue English us the official language of the country for 15 years. During this period the authorities made unsuccesful effort to develop and replace Hindi. Instead of English. Later in 1963, the parliament passed a bill according to which English was declared to be the Associate official language of India for an 'Indefinite period".

After independence many leaders were against keepingo English as the medium of instruction in India. The Education commission headed by Dr. Kotheri recommended the regional language as the medium of instruction


a friend! You're a
jokes always sure,
ver thought you'll
like you is a .. b
lines from you nee
I had you bac
re the pearl I got
Your presence mad
as a rythm in y
ne like you of whom
fate has made us
a friend! You're a
jokes always sure,
ver thought you'll
like you is a .. b
lines from you nee
I had you bac
the others; more of m
ods to troubles I
nce you were there
ver you are I kno
y you rememi
-rs

from class I to IV, the study of two languages from V to VII (regional language and English or Hindi) the study of three languages (regional language, Hindi and English) from VIII to X and any language of the student's choice of the higher levels for specialised study. Now in many states of India, the regional languages have been adopted us the official languages and the study of English language is nothing but a burden on the minds of students. According to the education commission, our scholars who are doing advansed studies in the field of science, medicine, engineering etc, will be able to consult library books only by making English a "Library language" in our country.

There are many factors responsible for the dectine of English in India today. The unhygienic physical conitions of the school huildings and English class rooms, the insuffering of good seating arrangements and circumstances to teach, the over crowded heavy classes, the over ambitions syllabus, the sub standard text books, the old examination methods, and the lack of time and well trained teachers etc are som of the reasons for the decline of English in India today. Without understanding the aims of teaching English, the teacher would be like a sailor who is unaware of his destination and the student is like a radderless vessel which may be drift anywhere. Ronald Machin has summed up the position in these words: " The old fashioned type of benches and desks, which restrict movement; the bad light, the noises from the neighbouring classes which may be separated from them by nothing more than a bamboo screen, insuficient provision for their subject in the time table, lack of audio visual aids of all kinds, interference from pavents or of English in India. Some sort of inservice and refresher courses should be organised for teachers of English, to keep them abreast of the knowledge of latest techniques of English teaching. Judiciously selected text books written according to graded syllabus and different types of audio visual aids must be used for teaching. The examination system should be improved. The class rooms must be well-furnished, lighted and ventilated and be away from the disturbance of the neighbouring classes. Correction works and oral and written exercises during teaching should be a "must", over crowded classes should be brought to normal size. The teacher should be well trained, earnest and dutiful in teeching and be capable of creatomg a good impression among the students.

If these measures are accepted the teaching of English in India will be a success and we can redeem English from being a "Passive language" to the status of a "living language". By consistent efforts the attack on English should be resisted. We must try our best to keep English as the "greatest gift Of Goddess Saraswathi to India" as C.Rajagopalachari once observed.

കെ. പി നൗഷാദ് അലി
*രണ്ടാം വർഷം ബി.എ. സോഷ്യോളജി*




# കാശ്മീർ ചരിത്രവുംവർത്തമാനവും

കാലത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പല സംഭവങ്ങളും മിന്നിമറഞ്ഞിട്ടുണ്ട്. ന്യൂതന സാങ്കേതിക വിദ്യയുടെയും പുതിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെയും വളർച്ചയിൽ വളരെ പെട്ടെന്നുള്ള മാറ്റങ്ങളും ഉയർന്ന മേഖലകളിലേക്കുള്ള കുതിച്ചുകയറ്റവും സാധാരണയായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഓരോ ദിനം പിറക്കുമ്പോഴും വാർത്താ മാധ്യമങ്ങളിൽ വ്യത്യസ്ഥ കാര്യങ്ങൾ സ്ഥാനം പിടിക്കുമ്പോൾ കാശ്മീർ മാത്രം അന്നും ഇന്നും തുടർച്ചയായി ചർച്ചക്ക് വിധേയമാകുന്നത് എന്ത്കൊണ്ട്? എന്നത് ചിന്തനീയമാണ്. ഭൂമിയിലെ സ്വർഗ ഭൂമി എന്നറിയപ്പെടുന്ന കാശ്മീർ നമുക്ക് നൽകുന്നത് നിലയ്ക്കത്ത വെടിയൊച്ചുകളും വറ്റാത്ത കണ്ണുനീരും മായാത്ത ചോരപാടുകളുമാണ്. ഹസ്രത്ത്ബാൽ മസ്ജിദും പാക് നുഴഞ്ഞുകയറ്റവും, കാർഗിൽ പോരാട്ടവും, സ്വയം ഭരണ പ്രമേയവും. തീവ്രവാദി ആക്രമണങ്ങളും വാർത്താമാധ്യമങ്ങളിൽ സ്ഥാനം നേടിയ ചില സംഭവങ്ങൾമാത്രം



പാക്ക് നുഴഞ്ഞകയറ്റവും കാർഗിൽ പോരാട്ടവും വഴി നിരവധി സൈനികർ രാഷ്ട്രത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ചപ്പോഴും സാധാരണമായ അനേകം കാശ്മീരികളുടെ രക്തം ഹിമാലയൻ താഴ്വരകളിൽ കൂടി ചാലിട്ടൊഴുകിയപ്പോഴും, നിഷ്ഫലമാകുന്ന മനുഷ്യ സ്നേഹികളുടെ മുറവിളികളല്ലാതെ മറ്റൊന്നും ഇപ്പോഴും തീവ്രവാദികളുടെയും വർഗീയവാദികളടെയും വേദിയാകേണ്ടിയിരുന്നില്ല.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ സമാധാനത്തിന്റെയും സമത്വത്തിന്റെയും മതേതരത്തിന്റെയും പൊൻ തുവലുകൾ കൊണ്ട് കോർത്തിണക്കിയ വിശുദ്ധ ഭരണഘടനയുടെ സുന്ദര ഭൂമിയായി അറിയപ്പെടുന്ന ഭാരതത്തിൽ കാശ്മീർ മാത്രം എന്നും പുകഞ്ഞുകൊണ്ടിരിക്കുന്നതിന് കാരണമന്വോഷിക്കുമ്പോൾ മുമ്പുള്ള ചരിത്രത്തിലേക്ക്ൽപം കണ്ണോടിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ നാട്ടുരാജ്യങ്ങൾ പരസ്പരം കോർത്തിണങ്ങി ഒരു രാഷ്ട്രമെന്നല നിലയിലേക്ക് എത്തിയപ്പോൾ കാശ്മീർ പാക്കിസ്ഥാനിലോ ഇന്ത്യയിലോ ചേരാതെ ഒരു സ്വാതന്ത്ര രാഷ്ട്രമായി നിൽക്കുവാൻ തീരുമാനിച്ചു 1920കളിൽ തന്നെ മുസ്ലീംങ്ങൾ കൂടുതലായി താമസിക്കുന്ന കാശ്മീരിലെ ഹിന്ദു രാജാവ് ഇരുരാജ്യങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ പാക്കിസ്ഥാൻ പത്താൻകാരുടെ പിൻന്തുണയോടെ കാശ്മീരിനെ അക്രമിച്ചുപ്പോൾ രാജാവ് വേണ്ട നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് 1931 ൽ ഷെയ്ഖ് അബ്ദുള്ള ആൾ ജമ്മു കാശ്മീർ മുസ്ലിം കോൺഫ്രൻസ് രൂപീകരിച്ചു. രാജാവിനെതിരെ ശക്തമായ സമരങ്ങൽ നടത്തിയ ഈ സംഘടന 1939 ജൂൺ 10 ന് നാഷണൽ കാൺഫ്രൻസ് എന്ന്  എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

എന്നാൽ കാശ്മീർ ചരിത്രത്തിന് അമേരിക്ക് ബ്രിട്ടൻ തുടങ്ങിയ സാമ്രജ്യത്വ ശക്തികളുടെ ആസൂത്രിത പ്രവർത്തനങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. രാഷ്ട്രീയ പ്രാധാന്യമേറിയ സ്ഥലമായ കാശ്മീർസ്വതന്ത്രമായി നിൽക്കാൻ അവരാഗ്രഹിച്ചു. എങ്കിൽ മാത്രമേ കാശ്മീരിനെ ചൊൽപ്പടിയിൽ കൊംണ്ടുവരാൻ സാധിക്കു എന്നവർകണക്ക്കൂട്ടി. ഇന്ത്യ കാശ്മീരിനെ സഹായിക്കില്ല എന്നായിരുന്നു അവർ കരുതിയത്.ഷെയ്ഖ് അബ്ദദുള്ള  കാശ്മീർ ജനതയും കാശ്മീരും ഇന്ത്യുയുടെഭാഗമാണെന്നും പാക്കിസ്ഥാനെതിരെ സഹായിക്കണമെന്നും പറഞ്ഞപ്പോൾ ഇന്ത്യ യുദ്ധരംഗത്തെത്തി. അന്ന് മുതൽ ഇന്ന് വരെ കാശ്മീർഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ യുദ്ധക്കളമായി മാറുകയായിരുന്നു.



കാശ്മീരിലെ പ്രശനം ഗുരുതരാവസ്ഥ പ്രാപിക്കുവാനുള്ള  പ്രധാന കാരണം പ്രതിരോധം വാർത്താ വിനിമയം വിദേശകാര്യം നാണയം എന്നിവയൊഴികെ എല്ലാ കാര്യങ്ങളും സംസ്ഥാനഭരണത്തിന്റെ  പരിധിയിൽ കൊണ്ട് വരിക എന്നതായിരുന്നു ഈ വ്യവസ്ഥ. ഇത് ഭരണഘടനയുടെ 370 ാം വകുപ്പിൽ ഉൾപ്പെടുത്തി. എന്നാൽ 47 തൊട്ടുള്ള കേന്ദ്രഗവൺമെന്റുകൾ അവർക്ക് നൽകിയ വ്യവസ്ഥകളിൽ കൊകടത്തുകയായിരുന്നു. തീവ്രവവാദത്തിൻരെയും അക്രമണങ്ങളുടെയും കൊള്ളയുടെയും നാടായി പിന്നീട് കാശ്മീർ മാറി. കരാറിൽ ഇന്ത്യയും പാകിസ്ഥാനും കാശ്മീർ ഒരു തർക്ക പ്രദേശമായി അംഗീകരിക്കുകയും എന്നാൽ അന്ന് മുതൽ കാശ്മീരിനെക്കുറിച്ചുള്ള അഭിപ്രായത്തിൽ ഇരു രാഷ്ട്രങ്ങളും വിപരീദ ദിശകളിലേക്ക് സഞ്ചരിക്കുകയുമാണ് ചെയ്തത്.

നിക്ഷിപ്ത താൽപര്യങ്ങളിൽ രാഷ്ട്രീയക്കാരൻരെ ശാന്തിയും സമാധാനവും നഷ്ടപ്പെട്ട കാശ്മീർ താഴ്വര എല്ലാ അർത്ഥത്തിലും ഭാരതീയർക്ക് മാറാത്ത മുറിവായി അവശേഷിച്ചിരിക്കുകയാണ്. ഇരു രാഷ്ട്രങ്ങളും കാശ്മീർ ജനതയുമൊത്ത് അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് അതിനനുസരിച്ച് നീങ്ങിയാൽ മാത്രമേ കാശ്മീരിൽ സ്ഫോടനങ്ങൾക്ക് പകരം സമാധാനത്തിന്റെയും സമക്വതതിന്റെയും പൊൻ പുലരിപിറക്കുകയുള്ളൂ. കാശ്മീരിലെ ആഗധേയം നിർണ്ണയിക്കുന്നതിൽ ആ പ്രദേശത്തെ ജനങ്ങൾക്കും ഡൽഹി ഭരണകൂടത്തിനുമുള്ള  പങ്കിനേക്കാൾ വലുത് കടലിനക്കരെയാണെന്ന് അമേരിക്കയെ ഉദ്ദരിച്ച് കൊണ്ട് ചരിത്രകാരനായ അലസ്റ്റൈർലാബ് പറയുന്നുണ്ട്. 1950 ൽ അമേരിക്ക മദ്ധ്യസ്ഥനെന്ന നിലക്ക് ഓവൻ ഡികസനെ കാശ്മീരിലേക്കയച്ചു. അദ്ദേഹം കാശ്മീരിനെ വിഭജിച്ച് ഒരു ഭാഗം പാകിസ്ഥാന്  നൽകാൻ ആവശ്യപ്പെട്ടു. അമേരിക്കക്ക് കാശ്മീർ  അവരുടെ ഏഷ്യയുടെ ആധിപത്യം കൈക്കലാക്കുകഎന്ന ഗൂഢ പദ്ധതിക്കുള്ള ഒരു നവഴി മരുന്നു മാത്രമായിരുന്നു.


കാശ്മീർ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്, തീവൃവാദികളുടെ നുഴഞ്ഞുകയറ്റത്തിന്റെയോ ഭീകരവാദികളുടെ ബോംബുസ്ഫോടനത്തിന്റെയോ ടൂറിസ്റ്റുകളുടെ പ്രവാഹം വഴി രാഷ്ട്രത്തിന് ലഭിക്കുന്ന വിദെശ നാണയത്തിന്റെ കണക്കുമായോ ആണ്. മറ്റു സംസ്ഥാനങ്ങളെല്ലാം ആധുനിക വികസന മാതൃകകൾ മാറി പരീക്ഷിക്കുമ്പോഴും വിവര വിനിമയ സാങ്കേതികവിദ്യയുടെ ന്യൂതനമായ സാദ്ധ്യതകൾ സ്വപ്നം കാണുമ്പോഴും വിദേശാക്രമത്തിന്റെ വേദനയും തീവൃവാദികളുടെ നിഷ്ഠൂര കുലകളും സ്വന്തം നാടിന്റെ രക്ഷക്കായി ജീവിതം നൽകാൻ തയ്യാറായി നിൽക്കുന്ന സൈന്യത്തിന്റെ ഇചപെടൽ മൂലം ശപിക്കപ്പെട്ട സ്ത്രീ ജന്മങ്ങളുടെയും അനാഥത്വത്തിന്റെ ഭാരമേറി ജീവിതം തള്ളി നീക്കുന്ന പിഞ്ചോമന കാശ്മീരികൾക്ക് സ്വാതന്ത്ര്യവും പുതുജീവിതം നൽകാൻ നമ്മെ പ്രേരിപ്പിക്കില്ലേ-?




**അജ്മൽ മൂഫീദ്**

*മൂന്നാം വർഷം ബി.കോം*

# നിർബന്ധിത സാമൂഹ്യ സേവനം?


UNIVERSITY OF CALICUT
COMPULSORY SOCIAL SERVICE SCHEME

RECORD OF SOCIAL SERVICE

Name of Student ....ATHEEQUE RAHMAN. T

Course of Study ....B. COM ... III[rd]
(with year)

College/Pvt. Study/SDE ....Pvt. study

Reg. No. ....96.8110

Certified that this is the bonafide record of Compulsory Social Service rendered by ATHEEQUE RAHMAN. T of ....

PRINCIPAL/DIRECTOR, SDE

വെളുക്കാൻ തേച്ചത് പാണ്ടായി എന്നത് പോലെയാണ് നിർബന്ധിത സാമൂഹ്യ സേവനം എന്ന പ്രഖ്യാപനം മൂലം കാലിക്കറ്റ് യൂനിവേഴ്സിറ്റിയ്ക്കുണ്ടായത്. ബിരുദ വിദ്യാർത്ഥികൾക്ക് 42 ദിവസം നിർബന്ധ സാമൂഹ്യ സേവനം ചെയ്താൽ മാത്രമേ അവരുടെ ബിരുദ സർട്ടിഫിക്കറ്റ് നൽക്കുകയുള്ളൂ എന്നതാണ് പുത്തൻ വാഴ്സിറ്റി നിയമം.

വിദ്യാഭ്യാസം സാമൂഹ്യ സേവനത്തിലൂടെ എന്ന ആശയം നടപ്പിലാക്കാനത്രേ ഈ നിയമം എന്നാൽ നിയമം പ്രവാർത്തികമാക്കുന്നതിൽ യൂണിവേഴ്സിറ്റി വിജയിച്ചില്ല.

കോളേജ് തലങ്ങളിൽ സേവന രംഗത്ത് നിറഞ്ഞ് നിൽകുന്ന N.S.S, N.C.C എന്നിവയുടെ പ്രവർത്തനങ്ങൾക്ക് പുറമെ ഇത്തരത്തിലൊന്നിന്റെ സാംഗത്യം ചോദ്യം ചെയ്യപ്പെടും. N.S.S 240 മണിക്കൂർ സേവനത്തിലും, ഒരു ദശദിന ക്യാമ്പിനും വിദ്യാർത്ഥികളെ സജ്ജമാകുമ്പോൾ ഇതിനൊക്കെ പുറമെ 42 ദിവസം നിർബന്ധ സേവനമെന്ന നിയമം വിശകലത്തിന് വിധേയമാവണം. സമൂഹത്തിൽ നിന്ന് പാഠങ്ങൾ പഠിക്കുന്നവർ സമൂഹത്തെ സേവിക്കുകയും സമൂഹത്തിന് വേണ്ടി ജീവിക്കുകയും ചെയ്യണമെന്ന ആപ്ത വാക്യം പ്രാവർത്തികമാകുകയാണ് നമ്മുടെ യൂണിവേഴ്സിറ്റി. നമ്മുടെ സമൂഹത്തിൽ ജനിച്ച് പഠിച്ച് വളർന്നുവരുന്ന ഒരു കുട്ടി എന്തുകൊണ്ട് സമുഹത്തോട് തന്റെ കടപ്പാട് പ്രകടമാക്കുന്നില്ല. അത് അവന്റെ സമൂഹവുമായുള്ള അടുപ്പത്തിൽ നിന്ന് ഉടലെടുത്ത മനോഭാവമാകാം ഇതിന് കാരണം. അത്കൊണ്ട് ഇന്ന് വിദ്യാർ ത്ഥിയെ സമൂഹവുമായി ബന്ധിപ്പിക്കാൻ ഇത്തരം നിയമം വേണ്ടി വരും.

ബിരുദ ബിരുദാനന്തര തലത്തിലുള്ള വിദ്യാർത്ഥികൾ പഠികുന്ന കോളേജുകൾ സ്വാഭാവികമായും പക്വത ആർജ്ജിക്കും. അനാവശ്യമായ കാര്യങ്ങൾക്ക് സമയം ചെലവാക്കാതെ സമൂഹവുമായി കൂടുതൽ പ്രതിബദ്ധത ഉള്ളവനാക്കാൻ ഈ പുത്തൻ നിയമത്തിന് സാധിച്ചേക്കും. മത,ജാതി വർഗീയതകൾക്കതീതമായി വിദ്യാർത്ഥികളെ രാഷ്ട്രത്തോടും സമൂഹത്തോടും ബന്ധപ്പെടുത്താൻ സാമൂഹ്യ സേവനത്തിന് കഴിയും. എന്നാൽ കോളയുടെയും, കംപ്യൂട്ടറിന്റെയും ലോകത്ത് ചായം പൂശി ജീൻസുമണിഞ്ഞ് നടകുന്ന ഇന്നിന്റെ തലമുറ എങ്ങനെ ഇത് അംഗീകരിക്കുമെന്നത് ഒരു സമസ്യയാണ്. കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കിയ നിർബന്ധിത സാമൂഹ്യ സേവനം അതിന്റെ പൂർണതയിൽ എത്തിയിട്ടില്ല. പ്രസ്താവനകളും, ഓർഡറുകളും തുടരെ തുടരെ ഇറകുന്ന യൂണിവേഴ്സിറ്റി വേണ്ടത്ര ആസൂത്രണം ഈ വിഷയത്തിൽ നടത്തിയിട്ടില്ല.

പ്രൈവറ്റ് വിദ്യാർത്ഥികളുടെ. പഞ്ചായത്ത് മുഖേന സേവനം ചെയ്യേണ്ട, അവസ്ഥ ഏറെ കഷ്ടമാണ്. നിർബന്ധിത സാമൂഹ്യ സേവന കാര്യത്തിൽ വാഴ്സിറ്റി വ്യക്തമായ രൂപരേഖ കൈകൊള്ളുകയും, വിദ്യാർത്ഥികർ സ്വമനസാലെ സേവനത്തിന്റെ പാതയിൽ തന്റെ ഒഴിവ് സമയം വിനിയോഗിക്കുകയും ചെയ്താൽ ക്യാംപസുകൾ പൂർണമായ ദിശാബോധം കൈവരികുമെന്നതിൽ സംശയമില്ല.




YASEEN ASHARF K.

*Dept. of English*

# Say please - Say thank you!



We Meet a Friend on our way. " Hello! How do you do?" we ask him. "Fine, thank you, so long," he says and we both pass. He hasn't fully heard what we said, nor did we hear him. But then words are not important; the talking is. There is the amusing story of a lady. She wanted to prove that such formal chitchat is merely a mechanical ritual, and that people really do not listen to each other then. At a reception she met her friends as they came, greeted her, and passed on. Indeed, they didn't care what she said in reply to their greetings. The friend would ask, for instance, "How do you do" and she would say expansively." Oooh, I've just killed my husband, I feel fine, thank you" And the friend would walk away, reassured that everything is normal and fine. Everything is, for him. His ears were programmed to hear just the normal things. Of course on such occasions WHAT we say is not relevant. That we say SOMETHING is what matters. Such apparently meaningless but vitally important talk, called phatic communion, has profound impact on social stability and harmony.

You meet someone and you greet him. The students rise when the teacher enters the class. In the bus, men vacate seats for the women. And as you sneeze, you cover your face with a kerchief – or with a tissue paper, if you are Japanese. Good manners, all. As a modern rhyme goes:

We say, "Thank you"
We say, "Please"
We don't interrupt or tease.
We don't argue. We don't fuss
We listen when folks talk to us.
We share our toys and take our turn
Good manners aren't too hard to learn
It's really easy, when you find

Good manners means

JUST BEING KIND!

(Manners are universal. They make the world go without social hitches. They are the lubricants that run the social engine without friction. After all, manners are relevant in a society, not in a vacuum). A single person, sitting all alone on the Himalayas, has no use for manners. As soon as another joins him, he needs them. Manners are also rooted in tradition.

True, manners are concerned with those occasions in social life where the individual interacts with his fellowmen. So we have manners of greeting, table manners, telephone manners, even internet manners, which are cutely named netiquette. As A.G Gardiner says, " Please' and 'Thank you' are the small change with which we pay our way as social beings." But of course, while manners are a universal presence, their cultural manifestation may vary from place to place and from society to society.

In some societies, particularly eastern, it may be good manners not to sit before elders or superiours, while in some others, especially western, it is bad manners to keep standing while others are seated. Quite a few Europeans have noted with understandable surprise the oriental custom of taking off shoes before entering a residence. No fewer are easterners who while touring in the occident have thrown up their hand in dismay because the western toilets provide only issue paper and no water. These are customs which are merely mannerisms cemented by social sanction. In japan, we are told, the whole family used the same bat water – even a guest But the guest would probably be given the privilage of using the bath water first. So a useful tip sometimes given to potential tourists to Japan was: Do NOT drain the water out after you have finished your bath"

(It is not proper in many regions to show public displays of affection, but in many others it is improper not to). Fijians usually greet one another by nodding their head and then flicking their eyebrow upward when talking with someone in Fiji, be sure not to blink you eys conspicuously, as this is a sign of disrespect and boredom But Fillipinos often greet each other with the "eyebrow" flash which is a quick lifting of the eyebrows. The yorubas in igeria will wink at their childern if they want them to leave the room. Avoid touching a child on the top of his or her head if you are in Thailand, because they say it is impolite. The traditional greeting in Thailand is the or where in the hands are placed together in a prayer – like position and the head is slightly bowed. It is similar to the namaste in India. The wai symbolized "hello", thank you", "good-bye" and sometimes "I'm sorry." The higher you hold your hands while performing the wai, the more respect you are conveying.

If you are beckoning to come to you in Hong-Kong or Thailand, put your hand out with your palm dawn, and curl your fingers in and out in a Scratching motion. Make a scratching motion with your fingers. The Japanese gesture for "Come here" is to put your hand palm out, fingers up, and raise and lower your fingers a few times. The western gesture of palm-up, closing your hand is only used to call animals to you. The Indian way of signalling 'yes' with a headshake is a little baffling to westerners, who might take it to mean 'no.'

The national beverage of samoa is "kava" . Before beginning to drink, its is the custom to spill a few drops of it on the ground. In Japan, the tea-drinking ceremony is quite elaborate and improtant. In many societies the pig is a disgusting animal, synonymous with dirt and bad manners. But then an English book on good manners written by L.A Kowal and Sally starbuck Stamp has the title. 'The proper Pig's Guide to Mealtime Manners'. They describe it as a "delightful way to introduce young people (and a lot older people as Well!) to manners that will make mealtimes more enjoyable for everyone". In japan it is impolite to pour your own drink when eating with others-you pour your companion's drink and your companion pours yours. In Finland, the guest of honour is seated to the right of the hostess. This is a seat not especially cherished by Finns, since the guest of honour is customarily expected to say a few words after the meal to thank the hosts. Eating does not begin until everyone has been served and the host begins. If you don't want any more to drink, leave your glass full The japanese gesture of "Who, me?" is pointing at their nose, not their chest.

Yes, Manners are man and varied, and they are also universal. They keep the social fabric intact. Even the small talk we exchange has great social value. However, if for ages manners have created and maintained civilizations, today they are getting absorbed in the whirlpool of business requirements. Says a paper on business relations. "Manners are back.' Its not that they ever went away, they just got swept under the mouse pad. But in our increasingly technology dominated world, the need for good manners has resurfaced as pivotal factor in creating good business relations. Proper department and etiquette are much more than social niceties. They're crual business

strategies". You should pick up the phone at about the third ring, the new rule book prescribes. "Too soon and you will stargtle the caller, and too late causes impatience", It says. And of course, there are cyber etiquettes on how to respond to e-mail. There are coloumus in periodicals that deal with questions of etiquette. Experts answer such intriguing problems like, "Do you bow your head or just no it?" "Should you say Good morning or Good Afternoon if you meet at 12.01 noon? and "Must the mother-in-law always follow?" . People are so full of committing gaffes that they get nervous without a proper knowledge of manners.



Whatever the calls and pressures on manner, they are surely the social graces that sweeten our community living. They might have got mechanized by blind custom, but their benefit is no less. Basic etiquette at the begining of the 19th century specified rules for everything from wearing pearls to riding on horseback But behind this deadening codification is the idea that good manners are the one guarantee for social stability. As we have it in rhyme, again,

Manners are the way
To brighten up my day.,
*Please* and *thank you* is what I say
To brighten up may day.

(Manners are the basic grammer of society. Any person who observes them internalizes that grammar quite as deeply as he would internalize the grammer of his mother tongue). He then automaticlly show the basic courtesies of good behaviour. How he stands, how he sits, how he eats, drinks, walks, dresses and talks – all these become the external manifestations of social conformity. They speak of the strengths (and sometimes weaknesses)and the graces(and foibles) of a people. But they invariably sweeten up relationships.

Sweetness-perhaps that is the right word. Without that sweetness, inside that belonging to a common fraternity, manners are a mere protocol taken out of a manual. True manners emanate from the soul. They are the fragrance of the goodness of mind.●

***'The river looked at him with a thousand eyes-green, white, crystal, sky-blue. How he loved this river, how it enchanted him, how grateful he was to it! In his heart he heard the newly awakened voice speak, and it said to him: 'Love this river, stay by it, learn from it, Yes , he wanted to learn from it, he wanted to listen to it. It seemed to him that whoever understood much more, many secrets, all secrets.'***

## SIDDARTHA

**Hermann Hesse**

## God's Lonely Man'

**Thomas Wolfe**

***......loneliness, far from being a rare and curious phenomenon, peculias to myself and to a few other solitary men, is the central and invitable fact of human exitance. When we examine the moments, act, and statements of all kinds of people .......wefind, I think that they are all suffering from the same thing. The find cause of their compland is lonliness***

പ്രൊഫ. കെ. എ. ജലീൽ




# ഉന്നത വിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും

ആധുനിക യുഗത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസമാണ് ഏറെ അനുയോജ്യമായത്. പ്രൊഫഷണൽ രംഗം സാർവ്വത്രികമായി ഇപ്പോൾ ഉയർന്നു വരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 12 കൊല്ലത്തെ പൊതുവിദ്യാഭ്യാസം കൊണ്ട് മനസ്സിന് പക്വത ലഭ്യമാകുന്നു. സ്വാഭാവികമായും എല്ലാ കാര്യങ്ങളിലും അറിവും -സദാചാര ബോധവുമുണ്ടാകുന്നു. ലോകത്തെക്കുറിച്ചും ലോകചരിത്രത്തെക്കുറിച്ചും ഒരവബോധം സൃഷ്ടിക്കപ്പെടുന്നു. ശാസ്ത്രീയ പരിചയവും സമ്പാദിക്കുന്നു. ഇതൊക്കെയാണ് 12-ാം ക്ലാസ്സു വരെയുള്ള വിദ്യാഭ്യാസം. ഇത് ലഭ്യമാകുന്നില്ലെങ്കിൽ 12 കൊല്ലത്തെ വിദ്യാഭ്യാസം പരിഷ്കരിക്കണം. പൊതുവിദ്യാഭ്യാസത്തെ ഡിഗ്രി തലത്തിലേക്കും പോസ്റ്റ് ഗ്രാജ്യുവേറ്റ് തലത്തിലേക്കും വ്യാപിക്കുന്നതിൽ യാതൊരർത്ഥവുമില്ല. ഉന്നത വിദ്യാഭ്യാസം ഏതെങ്കിലും മേഖലയിൽ ഗഹനമായ പഠനമായി മാറണം. അല്ലാതെ പൊതുവിദ്യാഭ്യാസത്തിന്റെ തുടർച്ചയായി നടക്കണമെന്ന് ചിന്തിക്കുന്നതിൽ അർത്ഥമില്ല.

എന്താണ് ഗഹനമായപഠനം? ഹ്യൂമാനിറ്റീസും, സയൻസുമൊക്കെ വരണം. എന്നാൽ എല്ലാവർക്കും ഒരേ തരത്തിലുള്ള പഠനവുമായി മുമ്പോട്ട് പോവാൻ കഴിയില്ല. അധികമാളുകളും ഏതെങ്കിലും ഉയർന്ന തൊഴിലിൽ പ്രാഗത്ഭ്യം നേടുക അത്യാവശ്യമാണ്. ഭൂരിപക്ഷം ആളുകളും ചെയ്യേണ്ടത് അതാണ്. വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ വ്യാപരിക്കാനുള്ള കഴിവ് അവർ നേടേണ്ടതാണ്. ഭൂരിപക്ഷം ആളുകളും ആലൈനിലേക്ക് തിരിയണം. അതുകൊണ്ട് ഉയർന്ന വിദ്യാഭ്യാസത്തിൽ സാങ്കേതിക മേഖലക്കും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമാണ് പ്രാമുഖ്യം വേണ്ടത്. ഇതിന്നർത്ഥം സാഹിത്യം, ചരിത്രം മുതലായ വിഷയങ്ങൾ പരിത്യജിക്കണമെന്നല്ല. അതതിൽ താല്പര്യമുള്ള ഒരു ന്യൂനപക്ഷത്തിനുമാത്രമായി രൂപാന്തരപ്പെടണം. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ ഇങ്ങനെ നോക്കുകയാണെങ്കിൽ തികച്ചും കാലഹരണപ്പെട്ടതാണ്. അത്യന്താപേക്ഷിതമായ കോഴ്സുകൾ പരിഷ്കരിക്കുകയും ശാസ്ത്രസാങ്കേതിക പ്രൊഫഷണൽ കോഴ്സുകളിലേക്ക് ഭൂരിപക്ഷത്തേയും പരിവർത്തിപ്പിക്കുകയും വേണം. ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണം കുറയണം. പ്രൊഫഷണൽ കോളേജുകളുടെ എണ്ണം കൂടണം. ഇങ്ങനെയുള്ള ഒരു പുതിയ അവസ്ഥ വന്നു ചേരേണ്ടത് അത്യാവശ്യമാണ്.

സാങ്കേതിക മേഖലയിലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിലും വന്നു ചേരുന്ന വിദ്യാർത്ഥികൾക്ക് ഹ്യൂമാനീറ്റിസിലെ താത്പര്യം നിലനിർത്തുവാൻ സഹായമായ പൂരക കോഴ്സുകൾ (Suppliment) വിഭാവനം ചെയ്യേണ്ടത് അത്യാവശ്യമാണ്.

### ജ്യോതിർവിജ്ഞാനവും യു.ജി.സി.യും


യു.ജി.സി. അടുത്തകാലത്തായി ഏറ്റെടുത്തിട്ടുള്ള ഒരു ദൗത്യം വളരെ നിന്ദാർഹമായിട്ടുള്ളതാണ്. ജ്യോതിഷം കോളേജുകളിലും, യൂണിവേഴ്സിറ്റിയിലും പഠിപ്പിക്കുക, അതിനുവേണ്ട ധനസഹായം നൽകുക എന്ന പുതിയ മനോഭാവം ഈ ശാസ്ത്രയുഗത്തിന്ന് യോജിച്ചതല്ല. ആരെന്തുപറഞ്ഞാലും അതൊരു ശാസ്ത്രവിഷയമല്ല. ഗൗരവമായ പഠനത്തിന് യോജിച്ച ഒരു കാര്യവുമല്ല. ഇന്ത്യയുടെ ഭരണഘടന ആവശ്യപ്പെടുന്ന ശാസ്ത്രീയ മനോഭാവം (Scientific outlook) വളർത്തിയെടുക്കണമെന്ന ആശയത്തിൽ നിന്നുള്ള തിരിച്ചുപോക്കാണിത്. മധ്യയുഗത്തിലെ ചിന്താഗതികൾ ഈ ആധുനിക കാലത്ത് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് തികച്ചും മൗഢ്യമാണ്. പിന്തിരിപ്പൻ ആശയങ്ങളിൽ നിന്ന് യു.ജി.സി.



മുക്തി നേടേണ്ടത് രാജ്യത്തിന്റെ പുരോഗതിക്ക് അത്യാവശ്യമാണ്. ചുരുക്കത്തിൽ ജ്യോതിഷവും ജ്യതി ശാസ്ത്രവും രണ്ട് തന്നെയാണ്.

### ഒട്ടോണമി: ഒരു വിവാദം

'ഒട്ടോണമിക്ക്' രണ്ട് വശമുണ്ട്. എന്തും ചെയ്യാനുള്ള അധികാരമല്ല ഒട്ടോണമി. അർഹിക്കാത്തവർക്ക് അത് നൽകാൻ പാടില്ല. ഗവർമെന്റ് പറയുന്നതൊക്കെ ചെയ്യണം എന്നാണെങ്കിൽ വിദ്യാഭ്യാസ വകുപ്പിനു തന്നെ യൂണിവേഴ്സിറ്റികൾ കൈകാര്യം ചെയ്താൽ മതി. ഓരോ മേഖലക്കും അതിന്റേതായ പരിപക്വമായ അറിവുകളുള്ള വ്യക്തികളുണ്ട്. സാധാരണ രാഷ്ട്രീയക്കാർ യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾ കൈകാര്യം ചെയ്യുന്നത് ശരിയല്ല. . യൂണിവേഴ്സിറ്റി എല്ലാ ഇടപെടലുകളിൽ നിന്നും സ്വതന്ത്രമാവണം. എന്നാൽ അത് സാധിക്കണമെങ്കിൽ സ്വാതന്ത്ര്യം അർഹിക്കുന്നവരാകണം അതിന്റെ തലവൻമാർ. മുനിസിപ്പൽ ഇലക്ഷനും എം.എൽ.എ.സ്ഥാനവും നഷ്ടപ്പെട്ടവർക്ക് പാർട്ടി ഓഫർ ചെയ്യുന്ന അധികാരസ്ഥാനമായി യൂണിവേഴ്സിറ്റികളുടെ സെനറ്റുകൾപോലും മാറിയിരിക്കുന്നു. ക്രിയാത്മകമായ ചർച്ചകൾക്ക് പകരം രാഷ്ട്രീയ താത്പര്യമുള്ള ബഹളങ്ങളാണിപ്പോൾ നടക്കുന്നത്.






അബ്ദുൽ ലത്തീഫ്. പി.പി

*രണ്ടാം വർഷം ബി.എ. അറബിക്*


# വിഭാഗീയത



**ഭി**ന്നിപ്പിച്ച് ഭരിക്കുക- എവിടെയോ കേട്ട ഒരു തത്ത്വം. അതെ, ഇന്ത്യൻ ഹിസ്റ്ററി പഠിപ്പിക്കുമ്പോൾ ടീച്ചർ പറഞ്ഞതോർമ്മ വന്നു. വാണിജ്യത്തിനായി ഇന്ത്യയിൽ വന്ന് ഇന്ത്യയെ മുച്ചൂടും കൊള്ള ചെയ്ത ബ്രിട്ടീഷുകാരൻ തന്റെ ഇരിപ്പിടത്തിന്ന് ഇളക്കം തട്ടുമ്പോൾ കൈകൊണ്ട പോളിസി. ബ്രിട്ടന്റെ മേൽക്കോയ്മക്കെതിരെ ബഹുജന സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോഴെല്ലാം ഭരണാധികാരികൾ വിവിധ മതങ്ങളെ തമ്മിൽ തല്ലിക്കുക പതിവായിരുന്നു. ഇത്തരം കലാപത്തിലൂടെ നൂറ്റാണ്ടുകളോളം ഭരിക്കാൻ ബ്രിട്ടനു കഴിഞ്ഞു. എന്നാൽ ആ തന്ത്രങ്ങൾ തന്നെയല്ലേ ജനാധിപത്യ ഇന്ത്യയിൽ ഇന്നും നടക്കുന്നത്.

“ഒരു പൂന്തോട്ടത്തെ പോലെയാണ് ഞാൻ ഇന്ത്യയെ കാണുന്നത്” കാരണം ഒരു പൂന്തോട്ടത്തിൽ പല നിറത്തിലും പല രൂപത്തിലുമുള്ള പൂക്കൾ കാണും. അതാണ് പുന്തോട്ടത്തിന്റെ ഭംഗിയും. ജവഹർലാൽ നെഹ്റു ഒരിക്കൽ പറഞ്ഞ വാക്കാണിത്. അദ്ദേഹം തോട്ടത്തെ ഇന്ത്യയായും പൂക്കളെ വിവിധ മതക്കാരോടും ഉപമിച്ചു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണം ഇന്ത്യാരാജ്യത്തെ പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് നയിച്ചു. പക്ഷേ ഇന്ന് അതിന്റെയെല്ലാം കടയ്ക്കൽ കത്തിവെച്ചിരിക്കുന്നു.

നമുക്ക് പലരും പുകഴ്ത്തിയ ഒരു സംസ്കാരം ഉണ്ടായിരുന്നു. ലോകം മുഴുവനും ഇന്ത്യയെ ബഹുമാനിച്ചിരുന്നു. പക്ഷെ അതിനെല്ലാം ഇന്ന് ചെറിയ തോതിലെങ്കിലും കോട്ടം തട്ടിയിരിക്കുന്നു. കാരണം ലളിതമാണ്. ഇന്ത്യാരാജ്യത്ത് ഇന്ന് ഒരു ഇന്ത്യക്കാരനും ഇല്ല. ഇവിടെയുള്ളത് തമിഴനും, മലയാളിയും, മറാഠിയും, പഞ്ചാബിയും, കാശ്മീരിയും മാത്രം. വിവിധ സംസ്ഥാനങ്ങളുടെ, വേർതിരിവിന്റെ അപസ്വരങ്ങളാണ് രാജ്യമൊട്ടുക്കും ഇന്ന് അലയടിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ, രാജ്യത്തിന്റെ നന്മക്കായ്, വിദ്യാർത്ഥികൾക്ക് പലതും ചെയ്യാൻ കഴിയും. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലും മറ്റും ഇന്ത്യൻ വിദ്യാർത്ഥികളും അവരുടെ പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് ശ്രദ്ധേയമാണ്.

ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം അടിച്ചമർത്തപ്പെട്ടപ്പോൾ ഇന്ത്യൻ ദേശീയ സമരത്തെ മുന്നോട്ട് നയിച്ചത്, വിദ്യാർത്ഥികളായിരുന്നു. ഇവിടെ മതങ്ങൾ തമ്മിൽ ഒരിക്കലും ഏറ്റുമുട്ടിയിട്ടില്ല. അന്യന്റെ മത സ്ഥാപനങ്ങൾ നശിപ്പിക്കാനും അന്യമതസ്ഥനെ കശാപ്പ് ചെയ്യാനും ഒരു മതവും നമ്മെ പഠിപ്പിച്ചിട്ടില്ല. അന്യമത ഗ്രന്ഥങ്ങളെ അവഹേളിക്കാനും ആരും പറഞ്ഞിട്ടില്ല. പിന്നെയെന്തിന് ഇവിടെ ആഘോഷങ്ങൾ പോലെ വർഗ്ഗീയ കലാപങ്ങൾ നടക്കുന്നു? കഴിഞ്ഞ കാലങ്ങളിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എണ്ണമറ്റ ജനങ്ങൾ വർഗ്ഗീയ കലാപങ്ങളിൽ കൊല്ലപ്പെട്ടു. നമ്മുടെ കൊച്ചു കേരളത്തിലെ സ്ഥിതിയെന്ത്? കണ്ണൂരും നാദാപുരവും, കാസർകോടും ആവർത്തിക്കപ്പെടുന്നു. പിഞ്ചു പൈതങ്ങൾ വരെ ക്രൂരമായി കൊല്ലപ്പെട്ടു. ആയിരക്കണക്കിന് ആളുകൾക്ക് ഭവനങ്ങൾ നഷ്ടപ്പെട്ടു. നമ്മുടെ ഈ പോക്ക് എങ്ങോട്ടാണ്?.

ഒരു ശതാബ്ദത്തിന് മുമ്പ് ചിക്കാഗോയിൽ സ്വാമി വിവേകാനന്ദൻ പ്രസംഗം ആരംഭിച്ചത്: “ലോക ജനത അഭയാർത്ഥികളായി വരുമ്പോൾ ഇരു കരവും നീട്ടി അവരെ സ്വീകരിക്കാൻ സ്വാഗതകവാടങ്ങൾ തുറന്നിട്ടിരിക്കുന്നത് ഏത് രാജ്യമാണോ ആ രാജ്യത്തുനിന്നാണ് ഞാൻ വരുന്നത്” എന്ന് പറഞ്ഞായിരുന്നു. നമ്മുടെ രാജ്യത്തെക്കുറിച്ചായിരുന്നു അദ്ദേഹം അന്നങ്ങനെ പറഞ്ഞത്. പക്ഷേ ഇന്ന് സ്വന്തം രാജ്യത്തിലെ അഭയാർത്ഥികളെപ്പോലും നാം ആട്ടിയോടിക്കുന്നു. ജാതിയുടെയും വർഗ്ഗത്തിന്റെയും ഭാഷയുടേയും മതത്തിന്റെയും പേരിൽ നാം അകന്ന് കഴിയുന്നു. നന്മക്കായ് നാം ഒന്നായി മുന്നേറുക. ചരിത്രങ്ങൾ മാറ്റി മറിക്കുന്നത് വിദ്യാർത്ഥി സാമൂഹമാണ്